# പത്രാധിപക്കുറിപ്പ്

കുടുംബ ബന്ധങ്ങളിലുള്ള വിള്ളലുകളും അകൽച്ചകളും രാഷ്ട്രത്തിന്റെ ഭാവിയെ അസ്ഥിരപ്പെടുത്തുമെന്നതിന് ദൃഷ്ടാന്തങ്ങൾ പരാണേതിഹാസങ്ങളിൽ നമുക്ക് കാണാം. ഇന്നും സംഭവിച്ചുകൊണ്ടിരിക്കുന്നത് അതുതന്നെയാണ്. അവയ്ക്കുള്ള പ്രതിവിധികളും അതിലുണ്ട്. എന്നാലവ പഠിച്ച് ഇന്നത്തെ സമൂഹത്തിന്റെ അഭ്യുദയത്തിനുവേണ്ടിയുള്ള അനുസന്ധാനവിഷയമാക്കാൻ ഗവേഷണ വിദ്യാർത്ഥികൾ താല്പര്യം കാണിക്കുന്നുമില്ല.

അജ്ഞതയും നിക്ഷിപ്തതാല്പര്യവും വർഗ്ഗീയഭീതിയും നിമിത്തം പ്രാഥമിക വിദ്യാഭ്യാസതലം മുതൽ പൊതുപാഠ്യപദ്ധതിയിൽ ഈ വിഷയം കേരളത്തിൽ ഭരണവർഗ്ഗക്കാർ ഉൾക്കൊള്ളിക്കുന്നുമില്ല. പുരാണേതിഹാസങ്ങളുടെ പഠനം പൊതുവിദ്യാഭ്യാസത്തിൽ പുനരുജ്ജീവിപ്പിക്കേണ്ടത് നമ്മുടെ കർത്തവ്യമല്ലേ? ചുരുങ്ങിയ പക്ഷം നമ്മുടെ ശേഷിയ്ക്കും ശേമുഷിയ്ക്കുമനുസരിച്ച് ഇവയുടെ കൂലങ്കഷമായ പഠനത്തിന് നാം ഓരോരുത്തരം മുതിരേണ്ടതല്ലേ?

പുരാണേതിഹാസങ്ങളിൽ ഓരോന്നിന്റെയും മഹത്ത്വവർണ്ണനയ്ക്ക് ഈ താളുകൾ അപര്യാപ്തമാണ്. മഹാഭാരതത്തിന്റെ ഗരിമയും മഹിമയും ഒന്നു ചിന്തിയ്ക്കു.

ലോകം ഏകകണ്ഠമായി സാർവ്വകാലികവും സാർവ്വജനീനവും ലോകത്തെ ഏതു വിഷമതകളുടെയും പ്രായോഗിക ഉത്തമൗഷധവുമായി അംഗീകരിക്കുന്ന ശ്രീമദ് ഭഗവദ്ഗീത എന്ന ജ്ഞാനദീപം നമ്മുടെ ഹൃദയാന്തരംഗങ്ങളിൽ ജ്വലിയ്ക്കണമെങ്കിൽ മഹാഭാരതമാകുന്ന എണ്ണ വേണമെന്ന നിർദ്ദേശം ഗീതാമംഗളശ്ലോകത്തിൽ കാണാം.

**യേന ത്വയാ ഭാരതതൈലപൂർണ്ണഃ**
**പ്രജ്ജ്വാലിതോ ജ്ഞാനമയഃ പ്രദീപഃ**

അതുകൊണ്ട് ജീവിതായോധനത്തിന് വേണ്ട എല്ലാം നമുക്ക് അതിൽനിന്ന് ലഭ്യമാണ്. അതുതന്നെയല്ലേ മഹാഭാരതത്തെക്കുറിച്ചുള്ള ഈ ശ്ലോകാർദ്ധം വ്യക്തമാക്കുന്നത്.

**യദിഹാസ്തി തദന്യത്ര**
**യന്നേഹാസ്തി ന തത് ക്വചിത്**

യാതൊന്നൊക്കെ ഇതിലുണ്ടോ അതെല്ലായിടത്തുമുണ്ട്. യാതൊന്നൊക്കെ ഇതിലില്ലയോ അതൊരിടത്തുമില്ല.

പുസ്തകം 4 ലക്കം 15
ജൂലായ് - സെപ്തംബർ 2015

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീകാന്ത് സി.

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. ശാന്തിസ്തവഃ

2

2. സംസ്കൃതപഠനം - 23

11

3. നവരാത്രിപൂജാ മാഹാത്മ്യം

14

4. കുട്ടികളുടെ വാല്മീകി രാമായണം - 3

25

5. ഔഷധസസ്യങ്ങൾ - 9
പുളിയാറൽ

26

6. ലളിതാസഹസ്രനാമം
വ്യാഖ്യാനം - 15

27

7. ഭഗവദ്ഗീത - ഒരു പുനർവായന - 3

29

8. നന്ദികേശ്വര കാശികാ
വ്യാഖ്യാനം - 11

32

മുഖചിത്രം

ദേവതാ : ദുർഗ്ഗാസിദ്ധിരാത്രി

# ശാന്തിസ്തവഃ

സമ്പാദക : അപർണ്ണാദേവി എ.

1. സ്വാനന്ദമന്ദഹസിതാം ശിവവാമഭാഗാം
ഭൃംഗാവലീകചഭരാകലിതേന്ദുമൗലിം
ശ്യാമാം വിശാലനയനാമതികോമളാംഗീം
വന്ദേ സ്മരാരിമഹിളാം വരദാം ശിവാഖ്യാം.

തന്നിൽ തന്നെയുള്ള ആനന്ദത്തിൽ ലീനയായി പുഞ്ചിരിപൊഴിക്കുന്നവളും ശിവന്റെ പത്നിയായിട്ടുള്ളവളും വണ്ടിൻകൂട്ടത്തോടുകൂടിയ കേശഭാരത്താൽ അലങ്കൃതമായ ചന്ദ്രനെ ധരിച്ചിരിക്കുന്ന തലയോടുകൂടിയവളും കറുത്തനിറമുള്ളവളും വിശാലമായ കണ്ണുകളുള്ളവളും അതിസുന്ദരിയും അനുഗ്രഹമൂർത്തിയും 'ശിവാ' എന്ന പേരോടുകൂടിയവളുമായ ശിവമഹിളയെ വന്ദിക്കുന്നു.

2. കാലദേശകലനാവിവർജിതാ
സ്വേച്ഛയൈവ ഭുവനാന്യജീജനത്
ക്രീഡതി സ്വയമനേകഭ്രമികാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

കാലദേശങ്ങൾക്ക് അതീതയായവൾ സ്വന്തം ആഗ്രഹത്താൽ ലോകങ്ങൾ സൃഷ്ടിച്ചു. എന്നിട്ട് സ്വയം അനേകരൂപഭാവങ്ങളോടെ ലോകത്ത് ലീലയാടുന്നു. ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

3. സ്വപ്രകാശശിവശക്തിരൂപിണീ
സർവഭൂതഹൃദയാബ്ജഹംസികാ
നിഷ്പ്രകാരസുഖചന്ദ്രചന്ദ്രികാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

ഈ ശിവപത്നി സ്വയം പ്രകാശിക്കുന്നവളാണ്. ശിവശക്തിസ്വരൂപിണിയാണ്. എല്ലാ ജീവജാലങ്ങളുടെയും ഹൃദയമാകുന്ന താമരയാണ്. ഇന്ന പ്രകാരത്തിലുള്ളത് എന്ന് പറയാൻ പറ്റാത്തതും ചന്ദ്രനിലാവുപോലെ തെളിഞ്ഞതും കുളിർമയുള്ളതുമായ സുഖസ്വരൂപിണിയാകുന്ന ആ ശിവാ. ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

4. സർവഭൂതഹൃദയപ്രചോദികാ
ശർവവിഷ്ണുനിഖിലാത്മരൂപിണീ

നിർവികാരരസരൂപലക്ഷിതാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

എല്ലാ ജീവജാലങ്ങളുടെയും ഹൃദയത്തെ പ്രചോദിപ്പിക്കുന്നവളും ശിവൻ, വിഷ്ണു എന്നു തുടങ്ങിയ എല്ലാ ദേവകളുടെയും സ്വരൂപത്തോടുകൂടിയവളും വികാരരഹിതമെന്ന (ശാന്തം) രസത്തിന്റെ രൂപത്തിൽ കാണപ്പെടുന്നവളുമാണ് ഈ ശിവപതി. ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

5. യാ പരാദിവചസാമഗോചരാ
രൂപനാമരഹിതാ പരാ വരാ
യാ ത്രയീപ്രമുഖമാർഗദർശിനീ
സാ ശിവാഹമിതി ശാന്തിമാശ്രയേ

പരാ തുടങ്ങിയ വാക്കുകൾക്കും അഗോചരയാണ്. പരയാകട്ടെ, നാമരൂപരഹിതയും ശ്രേഷ്ഠയുമാണ്. വേദാദികളാൽ നിർദ്ദിഷ്ടമായ മാർഗ്ഗത്തെ കാണിച്ചുതരുന്നവളുമാണ്. ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

6. നിർമമാ നിഖിലലോകരക്ഷണീ
കർമകാണ്ഡഫലദാനകാമധുക്
ആപ്തകാമധിഷണാത്മരൂപിണീ
സാ ശിവാഹമിതി ശാന്തിമാശ്രയേ

മമത്വബുദ്ധിയില്ലാത്തവളാണ്. സകലലോകങ്ങളെയും രക്ഷിക്കുന്നവളാണ്. കർമ്മകാണ്ഡോക്തമായ കർമ്മങ്ങളുടെ ഫലദാതാവും സകലാഗ്രഹങ്ങളേയും നല്കുന്നവളുമാണ്. സത്യധനന്മാർ ആഗ്രഹിക്കുന്ന ബുദ്ധിയുടെ സ്വരൂപത്തോടുകൂടിയവളുമാണ്. ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

7. പഞ്ചകോശഘനമുക്തചന്ദ്രികാ
പഞ്ചഭൂതജഡവിശ്വദീപികാ
പഞ്ചമൂർതിരവബിന്ദുനായികാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

അന്നമയാദി പഞ്ചകോശങ്ങളാകുന്ന മേഘത്തിൽനിന്ന് മുക്തമായ നിലാവുപോലുള്ളവളും പൃഥിവ്യാദി പഞ്ചഭൂതജഡമായ ലോകത്തെ പ്രകാശിപ്പിക്കുന്നവളും ബ്രഹ്മാദി പഞ്ചമൂർത്തികളുടെ ശബ്ദത്തിലെയും ബിന്ദുവിലെയും നായികയുമായ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

8. ചിദ്വിലാസജഗദേകരൂപിണീ
ഹ്യസ്തിഭാതിസുഖരൂപസത്തയാ
ഷഡ്വികാരരഹിതാ നിരാശ്രയാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

ഉണ്ട്, പ്രകാശിക്കുന്ന തുടങ്ങിയ സുഖമാകുന്ന സ്വരൂപത്താലും ചിദ്വിലാസത്താലും ജഗദ്രൂപമാർന്നവളും ഉണ്ടാകുന്നു, ഉണ്ട്, വർദ്ധിയ്ക്കുന്നു, മാറ്റം സംഭവിക്കുന്നു, ക്ഷയിക്കുന്നു, നശിക്കുന്നു എന്നീ ആറ് വികാരങ്ങളോട്ടുകൂടാത്തവളുമായ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

9. യാഗയോഗജപഹോമകർമഭിഃ
നൈവ ജാതു പരമാ ഹി ലഭ്യതേ
പ്രജ്ഞയാ സഹജയൈവ യാപ്യതേ
സാ ശിവാഹമിതി ശാന്തിമാശ്രയേ

യാഗം, യോഗം, ജപം, ഹോമം തുടങ്ങിയ കർമ്മങ്ങളാൽ ഒരിക്കലും ശിവപത്നിയും ശാന്തിസ്വരൂപിണിയുമായ ഇവളെ ലഭിക്കുകയില്ല. പ്രജ്ഞയാൽ മാത്രം ലഭിക്കപ്പെടുന്ന ആ സഹജമായ 'ശിവാ' ഞാൻ തന്നെയെന്ന് അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

10. ജാഗ്രദാദിസമയേഷു വൃത്തിഷു
ഭ്രാജതേ തനുഷു സർവസാക്ഷിണീ
സ്വർണവത് സകലഭൂഷണേഷു യാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

എല്ലാറ്റിനും സാക്ഷിഭൂതയായവളും എല്ലാ ആഭരണങ്ങളിലും സ്വർണ്ണം പോലെയുള്ളവളും ജാഗ്രത, സ്വപ്നം, സുഷുപ്തി തുടങ്ങിയ എല്ലാ അവസ്ഥകളിലും എല്ലാവരിലും പ്രകാശിക്കുന്നവളുമായ ആ 'ശിവാ' ഞാൻ തന്നെയെന്ന് അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

11. നേതി നേതി നിഗമോക്തിബോധിതാ
ജ്ഞാതിതാം തു ഹൃദയേ സദോജ്ജ്വലാ
ഭേദഭാവഗളനാത് സദാത്മികാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

ഇതല്ല, ഇതല്ല എന്ന് വേദങ്ങളാൽ ബോധിപ്പിക്കപ്പെടുന്നവളും ജ്ഞാനികളുടെ ഹൃദയത്തിൽ സദാ പ്രകാശിക്കുന്നവളും ഭേദഭാവത്തെ ഇല്ലാതാക്കുന്നതുകൊണ്ട് ഉണ്മയുടെ രൂപമാർന്നവളുമായ ആ 'ശിവാ' ഞാൻ തന്നെയെന്ന് അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

12. ഭേദതോ ഭവതി ഭീരിതി ശ്രുതേഃ
യാന്തി തേന രഹിതാ യദേകതാം
ആപഗാസ്തു സരിതാമിവേശ്വരേ
സാ ശിവാഹമിതി ശാന്തിമാശ്രയേ

രണ്ടെന്ന ഭാവത്താലുണ്ടാകുന്ന ഭയമില്ലാത്തവർ നദികൾ സമുദ്രത്തെ ആശ്രയിക്കുന്നതുപോലെ യാതൊരു ഈശ്വരനെ പ്രാപിക്കുന്നുവോ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

13. നാമരൂപകുലധർമവർജിതാ
ജന്മനാശരഹിതാ സദവ്യയാ
കല്പനാന്തസമയേപി യാ സ്ഥിരാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

നാമരൂപകുലധർമ്മങ്ങളോടുകൂടാത്തവളും ജനനമരണങ്ങൾ ഇല്ലാത്തവളും സത്തും മാറ്റമില്ലാത്തവളും സർവ്വദാ സ്ഥിരയുമായ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

14. കോടികോടിജനിപുണ്യസംസ്കൃതഃ
സർവകാമരഹിതോ ജിതേന്ദ്രിയഃ
യാം വിഭാവ്യ പരിമുച്യതേ ഭവാത്
സാ ശിവാഹമിതി ശാന്തിമാശ്രയേ

കോടിക്കണക്കിനു ജന്മപുണ്യത്താൽ സംസ്കാരസമ്പന്നനും ആഗ്രഹങ്ങളറ്റവനും ജിതേന്ദ്രിയനുമായ ഒരാൾ യാതൊരു ദേവിയെ ധ്യാനിച്ചിട്ടാണോ ഈ സംസാരസാഗരത്തിൽനിന്ന് മുക്തനാകുന്നത് ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

15. ശാസ്ത്രപാഠമനനൈർന ലഭ്യതേ
ധൈര്യവീര്യനയതഃ പരാക്രമൈഃ
കേവലം ഗുരുദൃശാ പ്രകാശതേ
സാ ശിവാഹമിതി ശാന്തിമാശ്രയേ

കേവലം ശാസ്ത്രപാഠമനനങ്ങളേക്കൊണ്ടോ ധൈര്യവീര്യനയങ്ങളെക്കൊണ്ടോ പരാക്രമങ്ങളെക്കൊണ്ടോ ദേവിയെ ലഭിക്കുകയില്ല. കേവലം ഗുരുകടാക്ഷത്താൽ മാത്രം ലഭ്യമായ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

16. പ്രാണബുദ്ധിഹൃദയാത്മസാക്ഷിണീ
സർവയജ്ഞപരിതൃപ്തികാമിനീ

ജ്ഞാനപുഷ്പരസപൂജിതാഭയാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

പ്രാണൻ, ബുദ്ധി, ഹൃദയം എന്നിവയുടെ സാക്ഷിയും സർവ്വയജ്ഞത്താലും തൃപ്തിയെ ആഗ്രഹിക്കുന്നവളും അറിവാകുന്ന പൂവിലെ രസത്താൽ പൂജിതയുമായ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

17. യത്ര നാസ്തി നിഖിലം ചരാചരം
ഹ്യേകരൂപരസവസ്തുഭേദതഃ
നേഹ നേതി വിധിവാക്യചോദിതാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

ഏതിലേയും രസം അഥവാ സത്ത ഒന്നാണെന്നതിനാൽ യാതൊന്നിലാണോ സർവ്വം ഒന്നെന്ന ഭാവേന ഭാസിക്കുന്നത് 'ഇതല്ല' 'ഇതല്ല' എന്ന വിധിവാക്യത്താൽ യാതൊന്നാണോ പ്രാപ്തമാകുന്നത് ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

18. യാ ഗുരൂക്തിസുധയാ മനോമലേ
ക്ഷാളിതേ സപദി സത്യചിന്മണിഃ
ദ്യോതതേ സകലധീപ്രഭാസുരാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

ഗുരൂപദേശമാകുന്ന അമൃതിനാൽ മനസ്സ് ശുദ്ധമാകുമ്പോൾ മനസ്സിൽ സത്യവും ചൈതന്യവുമായ യാതൊരു രത്നസദൃശമായവൾ പ്രകാശിക്കുന്നുവോ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

19. ദഹ്യതേ ന ശിഖിനാ സദാവ്യയാ
സത്തയാ ദഹതി പാവകസ്തൃണം
ശുഷ്യതേ ന മരുതാഖിലേശ്വരീ
സാ ശിവാഹമിതി ശാന്തിമാശ്രയേ

എല്ലാറ്റിനേയും ദഹിപ്പിക്കുന്ന അഗ്നിയും എല്ലാറ്റിനേയും ശുഷ്കിപ്പിക്കുന്ന കാറ്റുമായ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

20. സിദ്ധ്യസാദ്ധ്യപരമന്ത്രവർജിതാ
ഹ്യഷ്ടസിദ്ധിപരസിദ്ധിഭൂമികാ
ശുദ്ധചിത്തപരമാമൃതാത്മികാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

അഷ്ടസിദ്ധികളുടെ ഉറവിടവും സകലമന്ത്രഫലദായിനിയും ശുദ്ധചിത്തത്തിൽ കുടികൊള്ളുന്ന അമൃതസ്വരൂപിണിയുമായ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

21. ദേഹമാനദളിതസ്യ യോഗിനഃ
സർവതോപി പരിപൂർണകാമതാ
ഭാതി യാ പരമഗുപ്തരൂപിണീ
സാ ശിവാഹമിതി ശാന്തിമാശ്രയേ

ദേഹാഭിമാനം വിട്ട യോഗിയ്ക്ക് പൂർണ്ണാഗ്രഹസഫലീകരണം എപ്രകാരമെന്ന് അനാവൃതമാക്കാത്ത ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

22. ഇന്ദ്രജാലമിദമല്പകാലികാം
വിശ്വമേവമിതി നിശ്ചയാത്മനഃ
ബോധരൂപത ഇഹൈവ ഭാതി യാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

ഇന്ദ്രജാലംപോലെ ഈ ലോകം അല്പകാലത്തേയ്ക്കുമാത്രം എന്ന് ബോധിപ്പിക്കുന്ന ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

23. വിശ്വയോനിരമൃതാഭയാക്ഷരാ
നിത്യതൃപ്തിരജരാ പരാത്പരാ
ഇത്ഥമാഗമവചോഭിരീഡ്യതേ
സാ ശിവാഹമിതി ശാന്തിമാശ്രയേ

ലോകത്തിന്റെ യോനിയെന്നും അമൃതയെന്നും അക്ഷരരൂപിണിയെന്നും നിത്യതൃപ്തിയെന്നും ജരയില്ലാത്തവളെന്നും പരാത്പരയെന്നും വേദവചസ്സുകൾ ദേവിയെ കീർത്തിക്കുന്നു. ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

24. സർവദാ സമരസാത്മരൂപിണീ
സർവ്വലോകജനനീ ഹ്യരൂപിണീ
ശർവനൃത്യസുഖസാക്ഷിണീ ച യാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

എല്ലായ്പ്പോഴും സമന്വയഭാവത്തെ വഹിക്കുന്നവളും സകലലോകധാത്രിയും രൂപമില്ലാത്തവളും ശിവനൃത്തത്തിൽ ലയിച്ചവളും സാക്ഷിയായവളുമായ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

25. ഇന്ദ്രിയാർത്ഥസുഖബോധബോധിനീ
ചന്ദ്രഭാനശിഖിദീപ്തികാരിണീ
ബന്ധവർഗഭയമോഹമോചിനീ
സാ ശിവാഹമിതി ശാന്തിമാശ്രയേ

ഇന്ദ്രിയംവഴിയുള്ള സുഖത്തെ തരുന്നവളും സൂര്യചന്ദ്രന്മാരുടെ രശ്മികൾക്ക് ശോഭ പകരുന്നവളും ബന്ധുക്കളെ ഭയമോഹങ്ങളിൽനിന്ന് മോചിപ്പിക്കുന്നവളുമായ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

26. ദേഹജീവജഗദീശബാധനേ
ശിഷ്യതേ സ്വയമനന്തരൂപിണീ
വ്യാപിനീ ജഗതി സന്തതം ച യാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

സർവ്വചരാചരങ്ങളിലും വ്യാപിച്ചവളും അനന്തരൂപിണികളും ലോകത്ത് എപ്പോഴും എല്ലായിടത്തും വ്യാപിച്ചവളുമായ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

27. പ്രാണബന്ധപരിശുദ്ധചേതസാം
നിർവികല്പസുഖരൂപിണീ സദാ
ചിന്മയീ സദസദാത്മികാ ച യാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

പരിശുദ്ധചിത്തന്മാർക്ക് എപ്പോഴും നിർവികല്പസുഖരൂപിയും സദ്രൂപിയും അസദ്രൂപിയും ആയിട്ടുള്ള ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

28. യത്സുഖാബ്ധിലവലേശനിർവൃതാ
ബ്രഹ്മവിഷ്ണുസുരമാനവാദയഃ
സംഭവന്തി യുഗകല്പഭേദതഃ
സാ ശിവാഹമിതി ശാന്തിമാശ്രയേ

യാതൊരു ആനന്ദസമുദ്ര ലവലേശത്തെ അനുഭവിച്ച ബ്രഹ്മാവ്, വിഷ്ണു തുടങ്ങിയ ദേവന്മാരും മനുഷ്യർ തുടങ്ങിയവരും യുഗങ്ങളോ കല്പങ്ങളോ വ്യത്യാസമില്ലാതെ ജനിച്ചുകൊണ്ടിരിയ്ക്കുന്നത് ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

29. ബ്രഹ്മലോകതൃണമാനിനേ സദാ
തൃപ്തിരൂപപരശാന്തിദായിനീ
യോഗിനേ സമരസം ദദാതി യാ

സാ ശിവാഹമിതി ശാന്തിമാശ്രയേ

ബ്രഹ്മലോകത്തെ തൃണവൽക്കരിക്കുന്ന യോഗികൾക്ക് എപ്പോഴും തൃപ്തിരൂപരസശാന്തിയെ നല്കുന്ന ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

30. സർവ്വമേകരസമിത്യുദേതി യാ
നിർമലാ നിരവധിശ്ച ചേതസി
ദേശികേന്ദ്രപദഭക്തിയോഗിനഃ
സാ ശിവാഹമിതി ശാന്തിമാശ്രയേ

ഗുരുഭക്തിയുള്ള യോഗികൾക്ക് ചിത്തത്തിൽ എല്ലാം ഒരൊറ്റ രസം (സർവ്വം ഖലു ബ്രഹ്മ) എന്ന ബോധം ഉദിക്കുമാറുള്ള യാതൊരു നിർമ്മല സ്വരൂപിണിയുണ്ടോ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

31. മായികസ്യ ജഗതഃ സ്ഥിതിഃ യയാ
സ്വപ്നകാലനഗരീവ യോഗിനഃ
ഭാസതേ നിജസുഖൈകഭോഗിനഃ
സാ ശിവാഹമിതി ശാന്തിമാശ്രയേ

യാതൊന്നിലാണോ ഈ മായികലോകം സ്വപ്നകാലത്തിൽ അനുഭവിക്കുന്ന നഗരിപോലെ യോഗികൾക്ക് അനുഭവവേദ്യമാകുന്നത് ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

32. നിസ്തരംഗസുഖസിന്ധുരൂപിണീം
യാമനുസ്മരതി ബന്ധമുക്തയേ
ശാന്തിദാന്തിധൃതിയുക്തയോഗിരാട്
സാ ശിവാഹമിതി ശാന്തിമാശ്രയേ

ശാന്തി, ദമം, ധൃതി തുടങ്ങിയവയോടുകൂടിയ യോഗി ബന്ധമുക്തിക്കുവേണ്ടി തിരമാലകൾ ഇല്ലാത്ത സുഖസമുദ്രംപോലെ യാതൊന്നിനെ ഓർക്കുന്നുവോ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

33. ഭൂതഭാവിമതിവൃത്ത്യഭാവികാം
വർതമാനസുഖവൃത്തിഭാസികാം
യേനുസന്ദധതി നിത്യമാദരാത്
സാ ശിവാഹമിതി ശാന്തിമാശ്രയേ

വരാൻപോകുന്നതും കഴിഞ്ഞതും നടക്കുന്നതുമായ എല്ലാ ലോകവ്യാപാരങ്ങളിലെ സുഖസ്വരൂപിണിയായ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേ

ദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

34. ബുദ്ധിമോഹപടലേ വ്യപോഹിതേ
ശാണചക്രനിഗമോക്തിതഃ സ്വയം
പ്രസ്ഫുരത്യവിരതം ച ചിന്മണിഃ
സാ ശിവാഹമിതി ശാന്തിമാശ്രയേ

എല്ലാ വ്യാമോഹങ്ങളും അടങ്ങി കഴിയുമ്പോൾ വേദോക്തികളാൽ എപ്പോഴും ഇടതടവില്ലാതെ തെളിഞ്ഞുവരുന്ന ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

35. നാഹമിത്യനൃതജാഡ്യഭ്രമയഃ
സച്ചിദേവ സകലാത്മഭാസകഃ
ഇത്ഥമേകരസരൂപശേമുഷീ
സാ ശിവാഹമിതി ശാന്തിമാശ്രയേ

ഞാനെന്ന ഭാവം തോന്നാതെ എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്ന ആ സച്ചിദാനന്ദമാണ് ഇതെല്ലാം എന്ന ബുദ്ധിസ്വരൂപിണിയായ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

36. വൃത്തിസന്ധിവിലസത്സ്വരൂപിണീ
പ്രജ്ഞയാ ഹൃദി വിഭാവ്യതേ സദാ
നിത്യമുക്തിസുഖകാങ്ക്ഷിണാ ദൃഢം
സാ ശിവാഹമിതി ശാന്തിമാശ്രയേ

എപ്പോഴും പ്രജ്ഞയാൽ ഹൃദയത്തിൽ നിത്യം സുഖം വരണം എന്നാഗ്രഹിക്കുന്നവരാൽ ധ്യാനിയ്ക്കപ്പെടുന്ന ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

37. ത്യാഗരാജസുഖരൂപിണീ പരം
യോഗിരാജഹൃദയോജ്ജ്വലാ സദാ
ആഗമാദ്യഖിലമാനബോധിതാ സാ
സാ ശിവാഹമിതി ശാന്തിമാശ്രയേ

ത്യാഗരാജസുഖരൂപിണിയും യോഗിരാജഹൃദയത്തിൽ പ്രകാശിക്കുന്നവളും എല്ലാ ആഗമാദികളാലും ബോധിപ്പിയ്ക്കപ്പെട്ടവളുമായ ആ 'ശിവാ' ഞാൻ തന്നെയെന്ന അനുഭവവേദ്യമാകുന്ന ഈ ശാന്തിയെ ഞാൻ ആശ്രയിക്കുന്നു.

38. ശാന്തിസ്തവം പഠതി നിത്യമനന്യഭക്ത്യാ
യോ മാനവോ ഭവതി ശങ്കര ഏവ സാക്ഷാത്
സംസാരദുഃഖഭയമോചനദക്ഷകല്പം
സ്വാത്മാപരോക്ഷകരണേ ഗുരുപാദകല്പം

നമ്മളെ സംസാരദുഃഖഭയങ്ങളിൽനിന്നും മുക്തരാക്കുവാൻ സമർത്ഥവും ആത്മസാക്ഷാത്ക്കാരത്തിന് ഗുരുചരണതുല്യവുമായ ഈ ശാന്തിസ്തവം ഭക്തിപൂർവ്വം നിത്യവും പഠിക്കുന്ന മനുഷ്യൻ സാക്ഷാത് ശങ്കരനായിത്തീരും.

## സംസ്കൃതപഠനം - 23

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

തൃതീയാവിഭക്തീരൂപം പഠിതം, പഠിതവ്യം എന്നീ രണ്ടു തരത്തിലുള്ള പദങ്ങളോടൊപ്പം പ്രയോഗിച്ചിട്ടുള്ള വാക്യങ്ങൾ നമ്മൾ പഠിച്ചു. പഠിതം എന്ന ക്തപ്രത്യയാന്തവും പഠിതവ്യം എന്ന തവ്യത് പ്രത്യയാന്തവും നാമവിശേഷണങ്ങളുമാണ്. ഉദാഹരണങ്ങൾ ശ്രദ്ധിയ്ക്കുക.

मया खादिता दोशा उत्तमा आसीत्।

എന്നാൽ ഭക്ഷിയ്ക്കപ്പെട്ട ദോശ ഉത്തമം ആയിരുന്നു.

तेन खादितम् आम्रफलं मधुरतरम् आसीत्।

അവനാൽ ഭക്ഷിയ്ക്കപ്പെട്ട മാമ്പഴം മധുരതരം ആയിരുന്നു.

सुहृदा दत्तं पारितोषिकं सुन्दरम् आसीत्।

ചങ്ങാതിയാൽ നല്കപ്പെട്ട സമ്മാനം സുന്ദരമായിരുന്നു.

त्वया गतं स्थलम् कीदृशम् आसीत्?

നിന്നാൽ പോകപ്പെട്ട സ്ഥലം എത്തരത്തിലായിരുന്നു?

कुमारेण लिखितं गीतं गायामि।

കുമാരനാൽ എഴുതപ്പെട്ട പാട്ട് ഞാൻ പാടുന്നു.

अस्माभिः वक्तव्यम् उत्तरम् एतत् भवति।

നമ്മളാൽ പറയേണ്ടതായ ഉത്തരം ഇതാകുന്നു.

भक्तैः गन्तव्यं मन्दिरं तिरुप्पतिवेङ्किटाचलपतिमन्दिरं भवति।

ഭക്തന്മാരാൽ പോകേണ്ടതായ അമ്പലം തിരുപ്പതിവെങ്കിടാചലപതി മന്ദിരമാണ്.

छात्रैः पठितव्यः पाठः एषः अस्ति।

വിദ്യാർത്ഥികളാൽ പഠിക്കേണ്ടതായ പാഠം ഇതാണ്.

ഈ അവസരത്തിൽ മറ്റൊരു കാര്യവുംകൂടി വ്യക്തമാക്കുകയാണ്. ക്തപ്രത്യയാന്തത്തിനും (പഠിതം) തവ്യത് പ്രത്യയാന്തത്തിനും (പഠിതവ്യം) മൂന്നു ലിംഗങ്ങളിലും മൂന്നു വചനങ്ങളിലും ഏഴു വിഭക്തികളിലും രൂപങ്ങൾ ഉണ്ട്. ചില ഉദാഹരണങ്ങൾ ദിങ്മാത്രം സൂചിപ്പിക്കുന്നു.

भवता गतस्य स्थलस्य नाम किम्?
താങ്കൾ പോയതായ സ്ഥലത്തിന്റെ പേരെന്താണ്?

त्वया पठितानि पुस्तकानि कानि?
നിന്നാൽ പഠിക്കപ്പെട്ട പുസ്തകങ്ങൾ എന്തെല്ലാം?

भवद्भिः पीते चाये मधुरम् आसित् वा?
നിങ്ങൾ കുടിച്ച ചായയിൽ മധുരമുണ്ടായിരുന്നുവോ?

തൃതീയാവിഭക്തിരൂപങ്ങൾ പ്രയോഗിക്കുന്ന മറ്റൊരു വാക്യം ശ്രദ്ധിക്കൂ.

एतत् पुस्तकं रामेण नेयम् अस्ति।
ഈ പുസ്തകം രാമനാൽ കൊണ്ടുപോകേണ്ടതാകുന്നു.

वन्दे मातरम् इति गीतं भारतीयैः गेयम् अस्ति।
വന്ദേ മാതരം എന്ന ഗീതം ഭാരതീയരാൽ പാടേണ്ടതാകുന്നു.

ഈ രണ്ട് ഉദാഹരണങ്ങളിൽ 'നേയം', 'ഗേയം' എന്ന തരത്തിലുള്ള പദങ്ങൾ പ്രയോഗിക്കുമ്പോൾ 'രാമേണ', 'ഭാരതീയൈഃ' എന്നീ തൃതീയാവിഭക്തീരൂപങ്ങൾ കണ്ടുവല്ലോ.

കൃദന്തത്തിൽപെട്ട ഒരു പ്രത്യയമാണ് യത്. അത് അവസാനം വന്ന പദങ്ങളാണ് 'നേയം', 'ഗേയം' എന്നിവ. ആഗ്രഹിക്കുന്ന, യോഗ്യതയുള്ളതാകുന്ന എന്ന അർത്ഥത്തിലാണ് ഈ പ്രത്യയങ്ങൾ. അപ്പോൾ കൊണ്ടുപോകുവാൻ ആഗ്രഹിക്കുന്നത് അഥവാ യോഗ്യമായത് എന്ന അർത്ഥമാണ് നേയത്തിനുള്ളത്. ഇപ്രകാരം തുടർന്നുള്ളവയും പറഞ്ഞുകൊള്ളണം.

अस्माभिः धनं देयम् अस्ति।
अस्माभिः देयं धनम् अस्ति।
നമ്മളാൽ കൊടുക്കപ്പെടുവാൻ യോഗ്യമായ പണമാണ്.
നമ്മൾ പണം കൊടുക്കേണ്ടതുണ്ട്.

तैः पेयं जलम् अत्र अस्ति।

അവരാൽ കുടിക്കുവാൻ യോഗ്യമായ ജലം ഇവിടെയുണ്ട്.

जनैः चेयः मन्त्री एषः भवति।
ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുവാൻ യോഗ്യമായ മന്ത്രി ഇദ്ദേഹമാണ്.

जनैः मन्त्री चेयः अस्ति।
ജനങ്ങളാൽ മന്ത്രി തിരഞ്ഞെടുക്കപ്പെടണം.

त्वया जाप्यः मन्त्रः अयं भवति।
നിന്നാൽ ജപിയ്ക്കപ്പെടുവാൻ യോഗ്യമായ മന്ത്രം ഇതാകുന്നു.

महाराजैः हन्यः मृगः वने अस्ति।
മഹാരാജാക്കന്മാരാൽ കൊല്ലപ്പെടുവാൻ യോഗ്യമായ മൃഗം വനത്തിലു ണ്ട്.

त्वया एतत् शक्यं भवति।
നിന്നാൽ ഇത് സാധിക്കുവാൻ യോഗ്യമായതാണ്.
(നിനക്ക് ഇത് സാധിക്കും)

ईश्वरेण एव जगत् इदं मेयं भवति।
ഈശ്വരനാൽ മാത്രം ഈ പ്രപഞ്ചം അളക്കപ്പെടുവാൻ യോഗ്യമാകുന്നു.

भवत्या इयं नगरी गम्या भवति।
ഭവതിയാൽ ഈ നഗരി പോകപ്പെടുവാൻ യോഗ്യയാണ്.

युष्माभिः पठ्याः विषयाः एते भवन्ति।
നിങ്ങളാൽ പഠിയ്ക്കപ്പെടുവാൻ യോഗ്യമായ വിഷയങ്ങൾ ഇതെല്ലാമാകുന്നു.

ഇപ്രകാരം പഠ്യം, ഗമ്യം, മേയം, ശക്യം, ഹന്യം, ജാപ്യം, ചേയം, പേയം, ദേയം, നേയം എന്നിവ നാമവിശേഷണ രൂപങ്ങളാണ്. കൂടാതെ ഇവ ഉപയോഗിക്കുമ്പോൾ തൃതീയാവിഭക്തീരൂപങ്ങളുടെ പ്രയോഗം ഉണ്ടാവുകയും ചെയ്യും. യത് പ്രത്യയാന്തമായ ഈ നാമവിശേഷണങ്ങൾക്കും മൂന്ന് ലിംഗങ്ങളിലും മൂന്ന് വചനങ്ങളിലും ഏഴ് വിഭക്തികളിലും രൂപങ്ങൾ ഉണ്ട്.

ഒരു സുഭാഷിതം പഠിയ്ക്കാം.

पुस्तकस्था च या विद्या
परहस्ते च यद्धनम्
कार्यकाले समुत्पन्ने
न सा विद्या न तद्धनम्।।

അന്വയം/ഗദ്യക്രമം

पुस्तकस्था या विद्या परहस्ते यत् धनं च कार्यकाले समुत्पन्ने सा विद्या तत् धनं च न (अस्ति)।

സാരം :

പുസ്തകത്തിലുള്ള വിദ്യയും അന്യന്റെ പണവും ആവശ്യമുള്ള സമയത്ത് നമുക്ക് ലഭ്യമാകുകയില്ല. അതുകൊണ്ട് വിദ്യയും ധനവും സ്വന്തമാക്കണം.

(തുടരും)

# നവരാത്രിപൂജാ മാഹാത്മ്യം

പറവൂർ ജ്യോതിസ്സ്

ആശ്വിനമാസത്തിലെ ശുക്ലപക്ഷപ്രഥമ തുടങ്ങി ഒമ്പത് ദിവസം, ഭാരതത്തിൽ വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്തങ്ങളായ പേരുകളോടുകൂടിയാണ് നവരാത്രിപൂജ നടത്തുന്നത്. കേരളത്തിൽ, കന്നി-തുലാം മാസങ്ങളിൽ സരസ്വതീപൂജ എന്ന പേരിലും, ഈ കാലത്തുതന്നെ ആന്ധ്രാപ്രദേശിൽ ആയുധപൂജയായും കർണ്ണാടകത്തിലും ബംഗാളിലും ദുർഗ്ഗാപൂജ എന്ന നാമത്താലും ചെയ്യപ്പെടുന്ന ഈ പൂജ, തമിഴ്നാട്ടിൽ ബൊമ്മക്കൊലു (പാവകൾ) നിരത്തിവച്ചുകൊണ്ട് ആഘോഷിക്കപ്പെടുന്നു. ചില സ്ഥലങ്ങളിൽ രാമലീല എന്ന പേരിൽ ഇത് പ്രസിദ്ധമാണ്. ഈ അവസരത്തിൽ തന്നെയാണ് തിരുവനന്തപുരത്ത് നവരാത്രിമണ്ഡപത്തിൽ നവരാത്രിപൂജയും സംഗീതാർച്ചനയും നടത്തുന്നത്. മഹിഷാസുരൻ മൈസൂരിലാണ് ജീവിച്ചിരുന്നത് എന്ന് പൗരാണിക സങ്കല്പമുള്ളതിനാലും വിജയദശമി ദിവസത്തിന് മഹിഷാസുരവധപ്രാധാന്യമുള്ളതിനാലും അവിടെ, വളരെ പ്രൗഢമായും ആഡംബരസമന്വിതമായും ഇത് ആഘോഷിക്കുന്നു. വിജയദശമി ദിവസം വരെ 10 രാത്രികളിൽ ചെയ്യുന്ന ഈ പൂജയെ ദസ്രാത്രിപൂജ (ചുരുക്കി എഴുതുമ്പോൾ ദസറാ) എന്ന പേരിലും അറിയപ്പെടുന്നു. കേരളത്തിൽ സരസ്വതീപൂജയ്ക്കാണ് പ്രാധാന്യമെങ്കിലും ചിലയിടങ്ങളിൽ മുമ്മൂന്ന് ദിവസങ്ങളിലായി ദുർഗ്ഗാ, ലക്ഷ്മി, സരസ്വതീപൂജകളായും ചെയ്തുവരുന്നു. പൂജയ്ക്ക് പലവിധ നാമങ്ങൾ ഉണ്ടെങ്കിലും പുരാണത്തിലും തന്ത്രഗ്രന്ഥങ്ങളിലും ദുർഗ്ഗാപൂജ എന്ന പേരിലാണ് പ്രസിദ്ധി കാണുന്നത്.

## ദുർഗ്ഗാസങ്കല്പപ്രാധാന്യം

വേദവ്യാസമഹർഷിയുടെ ഉത്തമശിഷ്യരിൽ ഒരാളും, വേദവേദാംഗ പാരംഗതനുമായ സൂതപൗരാണികൻ, ശ്രേഷ്ഠങ്ങളായ പുരാണങ്ങൾ പാരായണം ചെയ്യുവാൻ ഏറ്റവും സമർത്ഥനായിരുന്നു. ഒരിക്കൽ നൈമിഷാരണ്യത്തിലെത്തി

യ സൂതനോട് ശൗനകൻ മുതലായ മഹർഷിമാർ വിനയപൂർവ്വം അപേക്ഷിച്ചു. പണ്ഡിതനായ അങ്ങയിൽനിന്നും പ്രകൃതിമാതാവായ പരാശക്തിയുടെ മാഹാത്മ്യങ്ങൾ വിസ്തരിച്ചു കേൾക്കുവാൻ അഗ്രഹമുണ്ട്. പറയാം എന്ന് സൂതൻ സമ്മതിച്ചപ്പോൾ മഹർഷിമാർ വീണ്ടും അപേക്ഷിച്ചു. ഈ പുരാണകഥ ആദ്യമായി പ്രകാശിപ്പിച്ചത് എങ്ങനെയാണെന്ന് ആദ്യം പറയണം.

സൂതൻ കഥ പറയുവാൻ തുടങ്ങി. കൃഷ്ണദ്വൈപായനൻ എന്ന വ്യാസമഹർഷി, ലോകപ്രസിദ്ധങ്ങളായ 17 പുരാണങ്ങൾ രചിച്ചു കഴിഞ്ഞു. എന്നിട്ടും പൂർണ്ണതൃപ്തിയുണ്ടായില്ല. ഉത്തമോത്തമയായ ദേവിയുടെ മാഹാത്മ്യം വർണ്ണിക്കുന്ന സമഗ്രസുന്ദരമായ ഒരു പുരാണം രചിക്കുവാൻ എനിക്ക് കഴിഞ്ഞില്ലല്ലോ എന്നു ചിന്തിച്ചു. തനിക്ക് മഹാദേവിയുടെ ഒരു പുരാണം രചിക്കുവാൻ സാധിക്കുമോ എന്നു സംശയിച്ചുകൊണ്ട് ഹിമവത് പാർശ്വത്തിലെ ഒരു ഗുഹയിൽ പ്രവേശിച്ച് ഉഗ്രതപസ്സ് ചെയ്തു. അപ്പോൾ പരാശക്തി ആകാശത്ത് അദൃശ്യമായി വസിച്ചുകൊണ്ട് ഇപ്രകാരം അരുൾചെയ്തു.

മഹർഷേ! സത്യലോകത്തു ചെന്ന് നാല് വേദങ്ങളേയും സന്ദർശിച്ച് അനുഗ്രഹം വാങ്ങി, സത്യവും തത്ത്വസാരവും അന്വേഷിക്കുക, കണ്ടെത്തുവാൻ സാധിക്കും. പിന്നീട് എന്നെ നേരിട്ടു കാണുവാനും മനോരഥം സാധിക്കുവാനും കഴിയും.

വേദവ്യാസൻ ബ്രഹ്മാവിന്റെ ലോകമായ സത്യലോകത്തു ചെന്ന് ആദ്യം മഹാവേദങ്ങളെ ആദരവോടെ വണങ്ങി. ആത്മവിശ്വാസത്തോടുകൂടി ഋഗ്വേദത്തോട് വിനയപൂർവ്വം അപേക്ഷിച്ചു.

അവ്യയമായ പരബ്രഹ്മം എന്നത് എന്താണെന്നറിയുവാൻ അതിയായ ആഗ്രഹമുണ്ട്. ഋഗ്വേദം മറുപടി നല്കി. 'സർവ്വഭൂതശക്തികളേയും തന്റെ ഉള്ളിലടക്കിക്കൊണ്ട് സർവ്വകർമ്മങ്ങൾക്കും കാരണഭൂതയായും, സനാതനയായും നിത്യയായും വർത്തിക്കുന്ന ആദ്യയായ ശ്രീമഹാദേവി തന്നെയാകുന്നു അവ്യയമായ പരബ്രഹ്മം.'

ഈ ചോദ്യം തന്നെ യജുർവേദത്തോട് ചോദിച്ചു. യജുർവേദം മറുപടി പറഞ്ഞു : 'ആരെ ഉദ്ദേശിച്ച് നിഷ്ഠയോടെ യാഗകർമ്മങ്ങൾ അനുഷ്ഠിക്കുന്നുവോ, സിദ്ധയോഗികൾ നിരന്തരം ആരെ സങ്കല്പിച്ച് ഏകാഗ്രമായി ഭജിക്കുന്നുവോ ആ സർവ്വമംഗളാത്മികയായ മഹാദേവി തന്നെയാകുന്നു സാക്ഷാത് പരബ്രഹ്മം.'

സാമവേദത്തോട് ചോദിച്ചപ്പോൾ പറഞ്ഞു : 'താളാത്മകമായ ഈ പ്രപഞ്ചചലനം സൃഷ്ടിച്ചതാരോ, യോഗിമാർ ആരെക്കുറിച്ച് സദാനേരവും ചിന്തിക്കുന്നുവോ, ഈ മഹത്തായ വിശ്വം പ്രകാശിക്കുന്നത് ആരുടെ തേജസ്സിനാലാണോ, ആ വിശ്വേശ്വരിയായ ദുർഗ്ഗാഭഗവതി തന്നെയാണ് സാക്ഷാത് പരബ്രഹ്മം.'

അഥർവ്വവേദം മറുപടി പറഞ്ഞു : 'ഏതൊരു ഈശ്വരിയെ ഭക്തന്മാർ ഏകാഗ്രചിത്തവൃത്തിയോടെ ഭജിച്ച് സച്ചിദാനന്ദസൗഭാഗ്യം കൈവരിക്കുന്നുവോ ആ സാക്ഷാത് ദുർഗ്ഗാഭഗവതി തന്നെയാണ് യഥാർത്ഥ പരബ്രഹ്മം.'

ഇത്രയും സാമാന്യമായി പറഞ്ഞതിനുശേഷം വിശേഷിച്ച് പറഞ്ഞു : 'മഹാദേവിയായ ദുർഗ്ഗയെ പ്രത്യക്ഷമായി കാണുവാൻ ഋഷീശ്വരൻ ആഗ്രഹിക്കുന്നുവെങ്കിൽ നിശ്ചയമായും അഭിമുഖം കാണുവാൻ സാധിക്കും.' തുടർന്ന് നാല് വേദങ്ങളും കൂടി മഹാദേവിയെ സ്തുതിച്ചു.

അനന്തപത്മനാഭനായ മഹാവിഷ്ണു, അമ്മയെ യഥാവിധി പൂജിക്കുന്നതിനാലാണ് യുദ്ധരംഗത്ത് മഹാശക്തന്മാരായ അസുരന്മാരെയെല്ലാവരേയും കൊല്ലുവാൻ സാധിക്കുന്നത്. മൂന്നു ലോകങ്ങളേയും നിശ്ശേഷം നശിപ്പിക്കുവാൻ ശക്തിയുള്ള കാളകൂടവിഷം നിശ്ശങ്കം കുടിക്കുവാൻ പരമശിവന് കരുത്തുണ്ടായത് പരാശക്തിയായ അമ്മയുടെ മാഹാത്മ്യം ഒന്നുകൊണ്ടു മാത്രമാണ്.

ഇപ്രകാരം വേദങ്ങളാൽ സ്തുതിക്കപ്പെട്ട സാക്ഷാത് ശ്രീമഹാഭഗവതി തികച്ചും സംതൃപ്തയായി. വ്യാസഭഗവാന്റെ സംശയം തീർക്കുവാൻ വേണ്ടി മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അത്ഭുതരൂപം. ഒരിക്കൽ സൂര്യസഹസ്രാഭ, പിന്നൊരിക്കൽ ചന്ദ്രകോടികാന്തിപ്രഭ, ദിവ്യായുധം ധരിച്ച ആയിരം കൈകളോടുകൂടിയ രൂപം, സിംഹാരൂഢ, രണ്ടു കൈകൾ മാത്രമുള്ള ഭാവം, പത്ത് കൈകളുള്ളത്, പതിനെട്ടു കൈകളുള്ളത് ഇപ്രകാരം ഓരോ രൂപവും മാറ്റി, മാറ്റി, കാണിച്ചുകൊടുത്തു. പിന്നീട് ഇന്ദിരാകാന്തനായ വിഷ്ണു, രാധായുക്തകൃഷ്ണൻ, സരസ്വതീസമേതനായ ബ്രഹ്മാവ്, ശിവശങ്കരമൂർത്തി എന്നീ രൂപങ്ങളും കാണിച്ചുകൊണ്ട് ദേവി, വ്യാസമഹർഷിയുടെ സംശയം തീർത്തുകൊടുത്തു. ശ്രീമഹാദേവി തന്നെയാകുന്നു സാക്ഷാത് പരബ്രഹ്മം എന്ന് ബോദ്ധ്യപ്പെട്ട മഹർഷി, ആ മുഹൂർത്തം മുതൽ ജീവന്മുക്തനായി ഭവിച്ചു.

വേദവ്യാസന്റെ ആഗ്രഹം മനസ്സിലാക്കിയ ദേവി തന്റെ തൃപ്പാദങ്ങൾ പതിപ്പിച്ചിരുന്ന ദിവ്യമഹാപത്മം കാണിച്ചുകൊടുത്തു. അതിലെ ദളസഹസ്രങ്ങളിൽ മഹർഷി മഹാഭാഗവതം ദർശിച്ചു. വീണുവണങ്ങി സ്തുതിച്ചിട്ട് ആശ്രമത്തിലേക്ക് മടങ്ങി. പുണ്യവും രമ്യവുമായ ദേവീഭാഗവതം ദിവ്യപത്മങ്ങളിൽ കണ്ടതുപോലെ വ്യാസൻ അനുഗാനം ചെയ്തു.

പതിനെട്ട് പുരാണങ്ങളുടേയും മദ്ധ്യത്തിൽ ഏറ്റവും ഉത്തമമായ ദേവീഭാഗവതം ധർമ്മാർത്ഥകാമമോക്ഷങ്ങൾ ദാനം ചെയ്യുന്ന ഉത്തമഗ്രന്ഥമാകുന്നു.

**അഷ്ടാദശപുരാണാനാം മദ്ധ്യേ സർവ്വോത്തമം പരം**
**ദേവീഭാഗവതം നാമ ധർമ്മകാമാർത്ഥസിദ്ധിദം**

അതിൽ ദശമസ്കന്ധത്തിലാണ് വസന്തശരത്കാലങ്ങളിൽ ഒമ്പത് ദിവസം വ്രതമെടുത്തുകൊണ്ട് ദുർഗ്ഗാപൂജ ചെയ്യണം എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്.

**'വാസന്തേ ശാരദേ കാലേ നവരാത്രസപര്യയാ'**

പുണ്യം, ആരോഗ്യം, ശ്രേയസ്സ് തുടങ്ങിയവയ്ക്കുവേണ്ടി പുണ്യദിനങ്ങളിൽ അനുഷ്ഠിക്കുന്ന ഉപവാസാദി കർമ്മങ്ങളാണ് വ്രതങ്ങൾ. ഈ വ്രതങ്ങളിലൂടെ ഗ്രഹദോഷപരിഹാരം, ഐശ്വര്യം, ആത്യന്തികമായി ഈശ്വര സാക്ഷാത്കാരം

എന്നിവ കൈവരുന്നു. സ്നാനം, ആഹാരശുദ്ധി തുടങ്ങിയവയിലൂടെ ശരീരശുദ്ധിയും, ജപം, ഈശ്വരസ്മരണം, ക്ഷേത്രദർശനം തുടങ്ങിയവയിലൂടെ മനഃശുദ്ധിയും കൈവരുന്നു. പൂർവ്വജന്മങ്ങളിലേയും ഈ ജന്മത്തിലേയും പാപക്കറ കഴുകിക്കളയുവാൻ ദാനകർമ്മങ്ങൾക്കും വ്രതങ്ങൾക്കും ശക്തിയുണ്ട്. വിവിധതരം ദാനങ്ങളും വ്രതങ്ങളും ആചരിക്കുവാൻ ധർമ്മശാസ്ത്രം വിധിക്കുന്നുണ്ടെങ്കിലും നവരാത്രിവ്രതത്തിനു തുല്യമായി ഭൂമിയിൽ വേറെ ഒരു വ്രതവുമില്ല എന്ന് ഋഷീശ്വരന്മാർ ഉദ്ഘോഷിക്കുന്നു.

**വ്രതാനി യാനി ചാന്യാനി ദാനാനി വിവിധാനി ച**
**നവരാത്രിവ്രതസ്യാസ്യ നൈവ തുല്യാനി ഭൂതലേ**

## ദുർഗ്ഗാപ്രാധാന്യം

### ദുർഗ്ഗാ (അർത്ഥപ്രാധാന്യം) പലവിധം അർത്ഥങ്ങൾ

1. ഒരു സാധകന്റെ ദുർഗതിയെ നശിപ്പിക്കുന്നവൾ (ദുർഗ്ഗതിനാശിനീതി)
2. ദുർഗ്ഗാചൈതന്യത്തെ ഉത്തമസാധകർക്കുപോലും അറിയുവാൻ പ്രയാസമുള്ളതുകൊണ്ട്. (ദുർജ്ഞേയാ ഇതി)
3. ദുഃഖത്തോടെ ഗമിക്കപ്പെടുന്നത്. (ദുഃഖേന ഗമ്യതേ ഇതി)
4. ദുർഗ്ഗമസ്ഥാനത്ത് ഇവൾക്ക് വാസമുള്ളതുകൊണ്ട്. (ദുർഗ്ഗേ നിവാസോ അസ്യാ ഇതി)
5. ദുർഗ്ഗമൻ (തോല്പിക്കപ്പെടാത്തവൻ) എന്ന അസുരനെ കൊന്നതുകൊണ്ട് ദുർഗ്ഗ.

   (തത്രൈവ ച വധിഷ്യാമി ദുർഗ്ഗമാഖ്യം മഹാസുരം
   ദുർഗ്ഗാദേവീതി വിഖ്യാതാ, തന്മേ നാമ ഭവിഷ്യതി)

   -ദേവീമാഹാത്മ്യം 11-46

6. ദുർഗ്ഗത്തിൽനിന്നും (ആപത്തിൽനിന്നും) ജീവികളെ കരകയറ്റുന്നതിനാൽ ദുർഗ്ഗ.

   (ദുർഗ്ഗത്തിൽ കരകേറ്റും നീ, ദുർഗ്ഗയെന്നോതുമേ ജനം)

   -മഹാഭാരതം വിരാ. 6-21

## ദുർഗ്ഗാ അക്ഷരപ്രാധാന്യം (വേദസമ്മതം)

'ദുർഗ്ഗാ' എന്ന പദത്തിൽ അടങ്ങിയിരിക്കുന്ന ഓരോ അക്ഷരത്തിന്റേയും അർത്ഥഗൗരവം ഏകാക്ഷരനിഘണ്ടുവിൽ വ്യാഖ്യാനിക്കുന്നുണ്ട്.

അസുരന്മാരെ കൊല്ലുകയെന്ന അർത്ഥത്തിൽ 'ദ'കാരവും, വിഘ്നങ്ങളെ ന

ശിപ്പിക്കുകയെന്ന അർത്ഥത്തിൽ 'ഉ'കാരവും വേദസമ്മതമാകുന്നു. 'ര' എന്ന അക്ഷരം (രേഫം) രോഗത്തെ നശിപ്പിക്കുകയെന്ന അർത്ഥത്തിലും 'ഗ' കാരം പാപത്തെ നശിപ്പിക്കുകയെന്ന അർത്ഥത്തിലും വർത്തിക്കുന്നു. 'ആ' കാരമാകട്ടെ ഭയം, ശത്രു എന്നിവയെ നശിപ്പിക്കുകയെന്ന അർത്ഥത്തിലും പറയപ്പെടുന്നു. സാധകന്റെ രോഗം, പാപം, ഭയം, ശത്രുത എന്നിവയെ നശിപ്പിക്കുവാൻ ദുർഗ്ഗാ ദേവിയുടെ ഉപാസനകൊണ്ട് സാധിക്കുന്നു.

**ദൈത്യനാശാർത്ഥവചനോ ദകാരഃ പരികീർത്തിതഃ**
**ഉകാരോ വിഘ്നനാശസ്യ വാചകോ വേദസമ്മതഃ**
**രേഫോ രോഗഘ്നവചനോ ഗശ്ച പാപഘ്നവാചകഃ**
**ഭയശത്രുഘ്നവചനശ്ചാകാരഃ പരികീർത്തിതഃ**

## ദുർഗ്ഗാ-വചന പ്രാധാന്യം (ഹന്തൃവാചകത്വം)

ദുർഗ്ഗാ (ദുർഗ്ഗ+ആ) എന്ന പദത്തിൽ ദുർഗ്ഗ എന്നത് അസുരവചനവും ആകാരം നാശവാചകവുമാകുന്നു. നിത്യവും തടസ്സങ്ങളെ (വിഘ്നങ്ങളെ) നശിപ്പിക്കുന്നതിനാൽ ദുർഗ്ഗാ എന്ന് പറയപ്പെടുന്നു.

'ദുർഗ്ഗാ' (ദുർഗ്ഗ+ആ) എന്ന പദത്തിലെ ദുർഗ്ഗശബ്ദം അനേകം അർത്ഥങ്ങളിൽ വർത്തിക്കുന്നു. 'ദു' എന്ന അക്ഷരംകൊണ്ട് ദോഷസൂചകമായ വാക്കുകൾ പറയപ്പെടുന്നു. (ഉദാ - ദുഃഖം, ദുരന്തം, ദുഃസ്ഥിതി, ദുർജ്ജനം, ദുർബ്ബലൻ, ദുരിതം, ദുർഗ്ഗന്ധം, ദുര്യോധനൻ)

അനേകാർത്ഥനിഘണ്ടുവിൽ 'ദുർഗ്ഗ' ശബ്ദത്തിന് അസുരൻ, വലിയ വിഘ്നം, സംസാരസാഗരം, ദോഷകർമ്മം, ശോകം, ദുഃഖം, നരകം, യമൻ നടപ്പാക്കുന്ന ശിക്ഷ, ജന്മജന്മാന്തരങ്ങൾ, മഹാമായ, മാരകരോഗങ്ങൾ എന്നീ അർത്ഥങ്ങൾ ഭവിക്കുന്നു. 'ആ'കാരമാകട്ടെ കൊല്ലുക എന്ന അർത്ഥം തരുന്ന ഹന്തൃവാചകമാകുന്നു. മേലുദ്ധരിച്ച ദോഷങ്ങളെയെല്ലാം നശിപ്പിച്ച് ഒരു മനുഷ്യനെ ഭക്തൻ, ഉപാസകൻ, സാധകൻ എന്നീ ചവിട്ടുപടികൾ കടത്തിവിട്ട് അവനെ ഉത്തമനായ ഒരു യോഗിയാക്കിമാറ്റി അവന് മോക്ഷപ്രാപ്തി എളുപ്പമാക്കിത്തരുന്നതുകൊണ്ട് ദുർഗ്ഗാ എന്ന് കീർത്തിക്കപ്പെടുന്നു.

## ദുർഗ്ഗാ (പൂജാപ്രാധാന്യം)

ദുഃഖത്തേയും ദാരിദ്ര്യത്തേയും നശിപ്പിക്കുവാനും യുദ്ധത്തിൽ വിജയിക്കുവാനും ക്രൂരകർമ്മങ്ങൾ ചെയ്യുന്ന ശത്രുവിനെ നശിപ്പിക്കുവാനും ഉഗ്രകർമ്മങ്ങളെ സാധിപ്പിക്കുവാനും മരണാനന്തരമുള്ള സുഖത്തിനും വേണ്ടി ഒരു സാധകൻ ദുർഗ്ഗയെ പൂജിക്കണമെന്ന് ഋഷീശ്വരന്മാർ കല്പിക്കുന്നു.

**ദുഃഖദാരിദ്ര്യനാശായ സംഗ്രാമേ വിജയായ ച**
**ക്രൂരശത്രുവിനാശാർത്ഥം തഥോഗ്രകർമ്മസാധനേ**
**ദുർഗ്ഗാം ച പൂജയേത് ഭക്ത്യാ പരലോകസുഖായ ച**

## ദുർഗ്ഗാപൂജ മൂന്നുവിധം

സാത്വികം, രാജസം, താമസം എന്നീ ഗുണഭേദമനുസരിച്ച് സാമാന്യേന മൂന്നുവിധത്തിൽ അവരവരുടെ ഇഷ്ടാനുസരണം ദുർഗ്ഗയെ പൂജിക്കാവുന്നതാണ്.

**സാത്വികീ രാജസീ ചൈവ താമസീ ചേതി വിശ്രുതിഃ**

1. സാത്വികീ - ജപം, യജ്ഞം, മാംസേതരമായ നൈവേദ്യം, ദേവീമാഹാത്മ്യ (ലളിതാസഹസ്രനാമ) പാരായണം, ദുർഗ്ഗാമന്ത്രജപം, ഹോമം, തർപ്പണം മുതലായവ, സാത്വികമായ പൂജയുടെ ഘടകങ്ങളാകുന്നുവെന്ന് പുരാണങ്ങളിൽ പറയപ്പെടുന്നു.

**സാത്വികീ ജപയജ്ഞാദ്യൈർ നൈവേദ്യൈശ്ച നിരാമിഷൈഃ**
**മാഹാത്മ്യം ഭഗവത്യാശ്ച പുരാണാദിഷു കീർത്തനം**
**പാഠസ്തസ്യ ജപഃ പ്രോക്തഃ പഠേദ്ദേവീമനാസ്തഥാ**
**ദേവീസൂക്തജപശ്ചൈവ യജ്ഞോ വഹ്നിഷു തർപ്പണം.**

2. രാജസീ - ജപം, യജ്ഞം ഇവ കൂടാതെയുള്ള പൂജയെ രാജസിയായി കണക്കാക്കുന്നു. ഇതിൽ ബലി, ദാനം, മാംസനൈവേദ്യം, മദ്യം എന്നിവ ഉൾപ്പെടുന്നു.

**രാജസീ ബലിദാനൈശ്ച നൈവേദ്യൈഃ സാമിഷൈസ്തഥാ**
**സുരാമാംസാദ്യുപഹാരൈർജപയജ്ഞൈർവിനാ തു യാ**

3. താമസീ - മന്ത്രജപം, സ്തോത്രപാരായണം ഇവയൊന്നുമില്ലാതെ യഥേഷ്ടം ചെയ്യുന്ന പൂജയെ താമസിയായി കണക്കാക്കുന്നു.
കാട്ടാളജാതിയിൽപ്പെട്ടവർക്കുപോലും താമസീപൂജ സമ്മതമാകുന്നു.

**വിനാ മന്ത്രൈസ്താമസീ സ്യാത് കിരാതാനാം തു സമ്മതം**

## പൂജിക്കണം അഥവാ പൂജിപ്പിക്കണം

ജാതിമതഭേദമന്യേ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, സങ്കരജാതി, മ്ലേച്ഛൻ, കള്ളൻ - ഇവർ സ്വയം ദുർഗ്ഗാപൂജ ചെയ്യുകയോ മറ്റുള്ളവരെക്കൊണ്ട് ചെയ്യിപ്പിക്കുകയോ വേണമെന്ന് പുരാണമുദ്ഘോഷിക്കുന്നു.

**ബ്രാഹ്മണൈഃ ക്ഷത്രിയൈർവൈശ്യൈഃ**
**ശൂദ്രൈർന്യൈശ്ച സേവകൈഃ**
**ഏവം നാനാമ്ലേച്ഛഗണൈഃ പൂജ്യതേ സർവ്വദസ്യുഭിഃ**
**സ്വയം വാപ്യന്യതോ വാപി പൂജയേത് പൂജയേത വാ**

## ദേവസാന്നിദ്ധ്യാനുഭവം

അർച്ചകൻ (അഥവാ പൂജകൻ) ഏതു ജാതിയിലോ, ഏതു മതത്തിലോ ആയിക്കൊള്ളട്ടെ, അവന്റെ തപോനിഷ്ഠകൊണ്ടും അർച്ചനയുടെ ആധിക്യംകൊ

ണ്ടും ബിംബത്തിന്റെ ഛായാസ്വരൂപംകൊണ്ടും ദേവത സാന്നിദ്ധ്യത്തെ പ്രാപിക്കുന്നു. അയാൾക്ക് ദേവസാന്നിദ്ധ്യത്തെ അറിയുവാനും, ചൈതന്യത്തെ അനുഭവിക്കുവാനും സാധിക്കും. ഇതിനു ദുർഗ്ഗാപൂജപോലെ വേറൊരു പൂജയുണ്ടോ എന്ന് സംശയമാണ്.

**അർച്ചകസ്യ തപോയോഗാത് അർച്ചനസ്യാതിശായനാത്**
**ആഭിരൂപ്യാച്ച ബിംബാനാം ദേവഃ സാന്നിദ്ധ്യമൃച്ഛതി**

## ദുർഗ്ഗയും ശാകംഭരിയും

ദുർഗ്ഗമൻ എന്ന അസുരൻ ദേവന്മാരെ നശിപ്പിക്കുവാൻ ഒരു മാർഗ്ഗം കണ്ടുപിടിച്ചു. ദേവന്മാർക്ക് ബലം വേദമാണ്. വേദമില്ലെങ്കിൽ യാഗമില്ല. യാഗമില്ലെങ്കിൽ ഹവിർഭാഗമില്ല. ഹവിർഭാഗമില്ലെങ്കിൽ ദേവന്മാർക്ക് ശക്തിയില്ല. അതിനാൽ വേദനാശം വരുത്തുവാൻ ഉറപ്പിച്ചു. ഘോരതപസ്സനുഷ്ഠിച്ചു. ബ്രഹ്മാവിനെ പ്രത്യക്ഷപ്പെടുത്തിയ ദുർഗ്ഗമൻ വേദശാസ്ത്രങ്ങളെല്ലാം വരമായി നേടിയെടുത്തു. അതോടുകൂടി ബ്രാഹ്മണർക്ക് വേദങ്ങളും മന്ത്രങ്ങളും ഒന്നും തോന്നാതെയായി, യാഗാദികൾ മുടങ്ങി. ദേവന്മാർ ശക്തിഹീനരായി. ജലം ലോകത്തിൽനിന്ന് അപ്രത്യക്ഷമാകുകയും ലോകം നാശത്തിന്റെ വക്കിൽ എത്തുകയും ചെയ്തു. ബ്രാഹ്മണർ ഒത്തുചേർന്ന് ജഗദംബികയെ സ്തുതിച്ചു. അവരുടെ മുറവിളികേട്ട് കരുണാർദ്രയായ ദേവി അനേകം നേത്രങ്ങളിൽക്കൂടി അശ്രുവർഷിക്കുകയും, ജലദാരിദ്ര്യം പരിഹരിച്ച്, ശതാക്ഷിയെന്ന പേരിന്നർഹയായിത്തീരുകയും ചെയ്തു. ദേവി തന്റെ കൈകളിലുണ്ടായിരുന്ന ശാകങ്ങളെയും മറ്റ് ഫലമൂലങ്ങളെയും അവർക്ക് ഭക്ഷിക്കാൻ കൊടുത്തതുമൂലം ദേവിക്ക് 'ശാകംഭരി'യെന്ന് പേരുണ്ടായി.

(ശാകം എന്നാൽ സസ്യങ്ങൾ, പച്ചക്കറികൾ എന്നർത്ഥം. ഇത് ധരിക്കുന്നവൾ ശാകംഭരി)

ഈ വിവരമറിഞ്ഞ ദുർഗ്ഗമാസുരൻ ദേവിയോട് യുദ്ധം ചെയ്തു. ദേവി ദുർഗ്ഗമാസുരനെ വധിച്ചു.

'ദേവീമാഹാത്മ്യം' സശ്രദ്ധം പാരായണം ചെയ്തുകഴിഞ്ഞതിനു ശേഷം 'മൂർത്തിരഹസ്യം' പാരായണം ചെയ്യണം എന്നു വിധിക്കുന്നുണ്ട്. പതിനൊന്നാം അദ്ധ്യായത്തിന്റെ അവസാനം കീർത്തിച്ചിരിക്കുന്ന നന്ദജാദി അവതാരമൂർത്തികളുടെ ധ്യാനങ്ങളും ഉപാസനാക്രമങ്ങളും മൂർത്തിരഹസ്യത്തിൽ പ്രതിപാദിക്കുന്നുണ്ട്. അതിൽ ശാകംഭരിയും ദുർഗ്ഗയും ഒന്നുതന്നെയെന്ന് കാണാം. ശാകംഭരീദേവി നീലവർണ്ണയും കുവലയദളലോചനയുമാകുന്നു. അഗാധമായ നാഭിയാർന്നവളും, ത്രിവലീഭൂഷിതവും കൃശവുമായ ഉദരത്തോടുകൂടിയവളുമത്രെ ആ ദേവി. കഠിനങ്ങളും സമങ്ങളും ഉന്നതങ്ങളും സമവൃത്തങ്ങളുമായ സ്തനങ്ങൾ കൊണ്ട് ശോഭിതയാണ് ശാകംഭരി.

കമലവാസിനിയായ ആ പരമേശ്വരി ഒരു കൈയിൽ അമ്പുകൾ ധരിച്ചിരിക്കുന്നു. മറ്റൊന്നിൽ താമരപ്പൂവും മൂന്നാം കൈയിൽ സർവ്വാഭീഷ്ടരസപ്രദവും

ക്ഷുത്പിപാസാവാരകവും ജരാമരണനാശകവുമായ ശാകസഞ്ചയം കാണപ്പെടുന്നു. നാലാം കൈയിൽ തിളങ്ങുന്ന ഒരു വില്ല് വിളങ്ങുന്നു.

ഇപ്രകാരമുള്ള ശാകംഭരീദേവിയെ സ്തുതിക്കുകയോ ധ്യാനിക്കുകയോ ജപിക്കുകയോ പൂജിക്കുകയോ നമസ്കരിക്കുകയോ ചെയ്യുന്നവന് അമൃതതുല്യമായ അന്നപാനങ്ങൾ അനുഭവിക്കുവാൻ സാധിക്കും. ഒരിക്കലും വിശപ്പും ദാഹവും അനുഭവിക്കേണ്ടിവരില്ല.

ഈ ശാകംഭരീദേവിതന്നെയാണ് ശതാക്ഷിയെന്നും ദുർഗ്ഗയെന്നും കീർത്തിക്കപ്പെടുന്നത്. ദുരിതനാശിനിയും ദുഷ്ടദമനിയും ആനന്ദരൂപിണിയുമായ ആ ദേവി തന്നെയാണ് ഉമ, ഗൗരി, സതി, ചണ്ഡിക, കാളി, പാർവ്വതി എന്നീ പേരുകളിൽ അറിയപ്പെടുന്നത്.

**ശാകംഭരീ ശതാക്ഷീ സാ സൈവ ദുർഗ്ഗാ പ്രകീർത്തിതാ**
**ഉമാ ഗൗരീ സതീ ചണ്ഡീ കാളികാ സാ/പി പാർവ്വതീ**

ദേവീമാഹാത്മ്യം പതിനൊന്നാം അദ്ധ്യായത്തിൽ ദേവിതന്നെ ദേവന്മാരോട് ഈ വസ്തുത പറയുന്നുണ്ട്.

'ഭൂമിയിൽ നൂറുവർഷക്കാലം മഴയില്ലാതെ, വെള്ളം കിട്ടാതെ ജീവികൾ പൊരിയുമ്പോൾ മഹർഷിമാർ എന്നെ വാഴ്ത്തും. ഞാനപ്പോൾ അയോനിജയായി ജനിക്കും.'

ഞാനപ്പോൾ എന്റെ നൂറ് കണ്ണുകൾകൊണ്ട് ആ മഹർഷിമാരെ അവരുടെ മനം കുളിർക്കുമാറ് നോക്കും. അപ്പോൾ ആ മുനിമാർ, 'ശതാക്ഷിയെ ഞങ്ങൾ ശരണം പ്രാപിക്കുന്നു' എന്നിങ്ങനെയൊക്കെ ചൊല്ലി എന്നെ കീർത്തിക്കും.

അല്ലയോ അസുരന്മാരേ അപ്പോൾ ഞാൻ എന്റെ ശരീരത്തിൽനിന്നും പ്രാണികൾക്ക് ജീവസന്ധാരകങ്ങളായ സസ്യങ്ങൾ സൃഷ്ടിച്ച് മഴ പൊഴിയുന്നതുവരെ സകലലോകങ്ങളേയും പാലിക്കുന്നതാകുന്നു. അക്കാരണത്താൽ എനിക്ക് ശാകംഭരീ എന്ന പേര് പ്രസിദ്ധമായിത്തീരും.

ആ അവതാരകാലത്ത് ദുർഗ്ഗമനെന്നു പേരായ മഹാസുരനെ വധിക്കുകയും ചെയ്യും. അതിനാൽ എനിക്ക് ദുർഗ്ഗാദേവീ എന്ന പേര് പ്രസിദ്ധമായിത്തീരും.

## നവദുർഗ്ഗാസങ്കല്പം ബഹുവിധം

കേരളത്തിൽ പലയിടത്തും പലവിധം ദുർഗ്ഗാപൂജകൾ നടക്കുന്നു. ഒമ്പത് ദുർഗ്ഗമാർ ആരെല്ലാമെന്നതിന് പുരാണങ്ങളിൽത്തന്നെ മതഭേദം കാണുന്നു. കാളി, കാത്യായനി, ഈശാനി, ചാമുണ്ഡാ, മർദ്ദിനി, ഭദ്രകാളി, ഭദ്രാ, ത്വരിത, വൈഷ്ണവി എന്നിവരാണ് നവദുർഗ്ഗകൾ എന്ന് സ്കന്ദപുരാണം പറയുമ്പോൾ കുമാരി, ത്രിമൂർത്തി, കല്യാണി, രോഹിണി, കാളി, ചണ്ഡിക, ശാംഭവി, ദുർഗ്ഗാ, സുഭദ്രാ എന്നിവരാണ് നവദുർഗ്ഗകളെന്ന് ബൃഹന്നന്ദികേശ്വര പുരാണത്തിൽ കാണുന്നു. മറ്റൊരിടത്ത് നീലകണ്ഠി, ക്ഷേമംകരി, ഹരസിദ്ധി, വനദുർഗ്ഗ, രുദ്രദുർഗ്ഗ, അഗ്നിദുർഗ്ഗ, വിന്ധ്യാവാസിനി, രിപുമാരിദുർഗ്ഗ എന്നിവരാണ് നവദുർഗ്ഗാസങ്കല്പത്തിൽ

കാണുന്നത്. ജയാ, വിജയാ, ഭദ്രാ, ഭദ്രകാളി, സുമുഖി, പ്രജ്ഞാ, വ്യാഘ്രമുഖി, സിംഹമുഖി, ദുർഗ്ഗാ എന്നിവരാണ് നവദുർഗ്ഗകൾ എന്നും മതഭേദമുണ്ട്.

വനദുർഗ്ഗാ, ശൂലിനിദുർഗ്ഗാ, ജാതവേദദുർഗ്ഗാ, ഗാസരിദുർഗ്ഗാ, ശാന്തിദുർഗ്ഗാ, ജ്വാലദുർഗ്ഗാ, ലവണദുർഗ്ഗാ, ആസുരിദുർഗ്ഗാ, മഹാദുർഗ്ഗാ എന്നീ പ്രകാരം കേരളാചാരം കാണുന്നു.

പലവിധത്തിൽ ആചാരങ്ങൾ കാണുന്നുണ്ടെങ്കിലും 'ദുർഗ്ഗാസപ്തശതി'യിൽ ബ്രഹ്മാവ് മാർക്കണ്ഡേയനോട് പറയുന്ന നവദുർഗ്ഗാസങ്കല്പത്തിനാണ് കൂടുതൽ പ്രാധാന്യം. 'ശക്തിസംഗമതന്ത്ര'ത്തിൽ പാർവ്വതി നവരാത്രിയുടെ മഹത്ത്വം എനിക്കുപദേശിച്ചു തരണമെന്നാവശ്യപ്പെട്ടപ്പോൾ പരമശിവൻ ഇപ്രകാരം പറഞ്ഞു. അല്ലയോ പാർവ്വതീ, നവശക്തികളാൽ സംയുക്തമാണ് നവരാത്രി. ഓരോ തിഥിക്കും ഓരോ ശക്തിയുടെ പൂജാവിധാനമുണ്ട്.

നവരാത്ര്യാരംഭം മുതൽ മഹാനവമി വരെ ഓരോ ദിവസവും ഓരോ ദുർഗ്ഗയെ പ്രത്യേകം ധ്യാനസങ്കല്പത്തോടുകൂടി പൂജിക്കണം.

**പ്രഥമം ശൈലപുത്രീ ച ദ്വിതീയം ബ്രഹ്മചാരിണീ**
**തൃതീയം ചന്ദ്രഘണ്ടേതി കുശ്മാണ്ഡേതി ചതുർത്ഥകം**
**പഞ്ചമം സ്കന്ദമാതേതി ഷഷ്ഠം കാത്യായനീതി ച**
**സപ്തമം കാളരാത്രീതി മഹാഗൗരീതി ചാഷ്ടമം**
**നവമം സിദ്ധിദാത്രീ ച നവദുർഗ്ഗാ പ്രകീർത്തിതാഃ**
**ഉക്താന്യേതാനി നാമാനി ബ്രഹ്മണൈവ മഹാത്മനാ**

## നവദുർഗ്ഗാസങ്കല്പം (ദുർഗ്ഗാസപ്തശതി)

നവരാത്രിപൂജയിൽ ആദ്യം ശൈലപുത്രി എന്ന പേരിൽ ദുർഗ്ഗയെ പൂജിക്കണം.

### ഒന്നാം ദിവസം - ശൈലപുത്രി

കാളയുടെ മുകളിൽ ഇരിക്കുന്നവളും വലതുകൈയിൽ ശൂലവും ഇടതുകൈയിൽ താമരപ്പൂവും ധരിക്കുന്നവളും അർദ്ധചന്ദ്രനെ ശിരസ്സിൽ ഭൂഷണമാക്കിയവളുമായ ശൈലപുത്രിയെ ആഗ്രഹങ്ങൾ സഫലീകരിക്കുവാൻ വേണ്ടി വന്ദിക്കുന്നു.

പൂർവ്വജന്മത്തിൽ ദക്ഷപുത്രിയായി ജനിച്ച സതി അടുത്ത ജന്മത്തിൽ ഹിമവാന്റെ പുത്രിയായി ജനിച്ച് ശിവനെ ഭർത്താവായി സ്വീകരിച്ച് സന്തുഷ്ടയായിരിക്കുന്ന ശൈലപുത്രിയെ നവരാത്രി ആരംഭിക്കുന്ന പ്രഥമയിൽ യഥാവിധി പൂജിക്കണം.

സാധകന്റെ ശരീരത്തിലെ കുണ്ഡിലിനീശക്തിയെ മൂലാധാര ചക്രത്തിൽനിന്നും പടിപടിയായി ഉയർത്തി ഷഡാധാരചക്രങ്ങളും കടന്ന് സഹസ്രാരപത്മത്തിൽ എത്തിക്കുന്ന ഒരു അനുഷ്ഠാനമാണ് ഒമ്പത് ദിവസംകൊണ്ട് ഒരു സാധകൻ ചെയ്യുന്നത്. ദുർഗ്ഗാരൂപയായ പാർവതിയെ ധ്യാനിച്ചുകൊണ്ട് യോഗവിദ്യ

യുടെ ആരംഭം കുറിക്കുന്നു.

(പടിയാറും കടന്നവിടെച്ചെല്ലുമ്പോൾ ശിവനെ കാണാകും ശിവശംഭോ)

**രണ്ടാം ദിവസം – ബ്രഹ്മചാരിണി**

വലതു കൈയിൽ ജപമാലയും ഇടതുകൈയിൽ കമണ്ഡലുവും ധരിച്ച അല്ലയോ ബ്രഹ്മചാരിണിയായ ദുർഗ്ഗേ! എന്നിൽ പ്രസാദിക്കേണമേ.

ജഗദീശ്വരിയായ പാർവതി ഹിമവാന്റെ പുത്രിയായി ജനിച്ച് ശിവനെ വരനായി സ്വീകരിക്കാൻവേണ്ടി നാരദന്റെ ഉപദേശപ്രകാരം പഞ്ചാഗ്നി മദ്ധ്യത്തിൽ അതികഠിനമായ തപസ്സനുഷ്ഠിച്ചു. തപസ്സു ചെയ്യുന്നവൾ എന്ന അർത്ഥത്തിൽ ദുർഗ്ഗയ്ക്ക് ബ്രഹ്മചാരിണി എന്ന നാമം നിലവിൽവന്നു.

സകലകാര്യങ്ങളിലും വിജയം വരിക്കുന്നതിന് ബ്രഹ്മചാരിണീപൂജ വിശേഷമാണ്. ഈ പൂജയിൽ സാധകൻ സ്വാധിഷ്ഠാനചക്രത്തിൽ ദുർഗ്ഗാരൂപത്തെ ധ്യാനിച്ച് ഉപാസിക്കുന്നു.

**മൂന്നാം ദിവസം – ചന്ദ്രഘണ്ഡാ**

ഉഗ്രകോപയായവളും അസ്ത്രശസ്ത്രങ്ങൾ ധരിച്ചവളും പുലിയുടെ മുകളിൽ ഇരിക്കുന്നവളും ചന്ദ്രഘണ്ഡാ എന്നു പ്രസിദ്ധയുമായ ദേവി എനിക്ക് പ്രസാദത്തെ തന്നാലും.

പത്തുകൈകളോടുകൂടിയ ദേവി ഓരോ കൈയിലും ഓരോ ആയുധത്തെ ധരിക്കുന്നു. ഗദ, ശൂലം, വില്ല്, അക്ഷമാല, കമണ്ഡലു എന്നിവ ധരിച്ച യുദ്ധത്തിനിറങ്ങുന്ന രൂപത്തിലുള്ള ചന്ദ്രഘണ്ഡയെ മൂന്നാം ദിവസം ഉപാസിക്കുന്നവർക്ക് ഭയം നശിക്കുന്നു. പരാക്രമവും സൗമ്യശീലവും ഒരുപോലെ സ്വായത്തമാകുന്നു. ദേവിയുടെ ശിരസ്സിൽ അമ്പലമണിയുടെ രൂപത്തിൽ ചന്ദ്രക്കലയെ ധരിച്ചിട്ടുള്ളതിനാൽ ചന്ദ്രഘണ്ഡയെന്നു പ്രസിദ്ധയായി.

സാധകൻ ചന്ദ്രഘണ്ഡയെ മണിപൂരകചക്രത്തിൽ ധാരണ ചെയ്യുന്നു.

**നാലാം ദിവസം – കുശ്മാണ്ഡാ**

മദ്യം നിറച്ച കലശപാത്രം, രക്തം നിറച്ച കലശപാത്രം ഇവ രണ്ട് കൈകളിൽ ധരിച്ച കുശ്മാണ്ഡാദേവി എനിക്ക് ശുഭത്തെ തരുന്നവളായി ഭവിക്കട്ടെ.

എട്ടു കൈകളോടുകൂടിയ ദേവി, ഓരോ കൈയിലും താമരപ്പൂവ്, ഗദ, ബാണം, ചക്രം, അക്ഷമാല, കമണ്ഡലു, മദ്യപാത്രം, രക്തപാത്രം ഇവ ധരിച്ചിട്ടുണ്ടായിരിക്കും. കുമ്പളങ്ങകൊണ്ടുള്ള ബലി ദേവിക്ക് പ്രധാനമാകയാൽ കുശ്മാണ്ഡാ എന്നു പ്രസിദ്ധയായി.

ഷഡാധാരചക്രങ്ങളിൽ നാലാമത്തേതായ അനാഹതപത്മത്തിൽ സാധകൻ കുശ്മാണ്ഡാദേവിയെ ഭാവന ചെയ്യുന്നു.

**അഞ്ചാം ദിവസം – സ്കന്ദമാതാ**

എപ്പോഴും സിംഹാസനത്തിൽ ഗമിക്കുന്നവളും രണ്ട് കൈകളിൽ താമരപ്പൂവ് പിടിച്ചിരിക്കുന്നവളും മടിയിൽ ഷണ്മുഖൻ ഇരിക്കുന്നവളും നാല് കൈകളോ

ട്ടും കൂടിയ യശസ്വിനിയായ സ്കന്ദമാതാ എപ്പോഴും ശുഭയായി ഭവിക്കട്ടെ.

സുബ്രഹ്മണ്യനെ പാലിക്കുന്ന പാർവ്വതീരൂപമായ ദുർഗ്ഗയെ ആരാധിച്ചാൽ ഷണ്മുഖന്റെ അനുഗ്രഹവും ഭക്തന് ലഭിക്കുന്നു.

സാധകൻ വിശുദ്ധിചക്രത്തിൽ സ്കന്ദമാതയെ ധാരണചെയ്യുന്നു.

### ആറാം ദിവസം - കാത്യായനി

ചന്ദ്രന്റെ ശോഭയോടുകൂടിയ മുഖവും മന്ദസ്മിതവും ഉജ്ജ്വലമായ നാലു കൈകളോടുകൂടിയ പുലിവാഹനരൂപവും, അസുരഘാതകഭാവവും, ഒരു കൈയിൽ താമരപ്പൂവും ഒരു കൈയിൽ വാളും മറ്റു കൈകളിൽ വരമുദ്രയും അഭയമുദ്രയും ധരിച്ച രൂപവുമുള്ള കാത്യായനി ശുഭം തരട്ടെ.

കഠിന തപസ്സുചെയ്ത് ദുർഗ്ഗാദേവിയെ പ്രത്യക്ഷപ്പെടുത്തിയ കാത്യായന മഹർഷിയുടെ ഇച്ഛാനുസാരം അദ്ദേഹത്തിന്റെ പുത്രീരൂപത്തിൽ ദേവി ജന്മമെടുത്തുകൊണ്ട് ഈ ദുർഗ്ഗാരൂപത്തെ കാത്യായനീ എന്നു വിശേഷിപ്പിക്കുന്നു. വിജയദശമി ദിവസം കാത്യായനീദേവിയാണ് മഹിഷാസുരനെ വധിക്കുന്നതെന്ന് പറയപ്പെടുന്നു.

സാധകൻ ആജ്ഞാചക്രത്തിൽ ഈ ദേവിയെ ധ്യാനിക്കുന്നു.

### ഏഴാം ദിവസം - കാളരാത്രി

കറുത്തനിറം, ചിതറിയ നീണ്ട തലമുടി, കഴുത്തിൽ പ്രകാശം പരത്തുന്ന മാല, ഭീകരമായ മൂന്നു കണ്ണുകൾ, നാലു കൈകൾ, എണ്ണതേച്ച ശരീരം, കഴുതയുടെ മുകളിൽ സ്ഥിതി, ഒരു കൈയിൽ വാൾ, ഭയാനകരൂപം ഇവയോടുകൂടിയ ദേവീരൂപമാണ് കാളരാത്രി എന്ന ദുർഗ്ഗാരൂപം.

സാധകൻ തന്റെ മനസ്സിനെ സഹസ്രാരപത്മത്തിൽ നിർത്തി ഏഴാം ദിവസം കാളരാത്രിയെ ഉപാസിക്കണം.

### എട്ടാം ദിവസം - മഹാഗൗരി

നാലു കൈയുള്ളവളും വെളുത്ത കാളയുടെ മുകളിൽ ഇരിക്കുന്നവളും വെളുത്ത വസ്ത്രം, ശൂലം ഇവ ധരിച്ചവളും ശുചിയുള്ളവളും മഹാദേവന് സന്തോഷത്തെ ഉണ്ടാക്കുന്നവളുമായ അല്ലയോ മഹാഗൗരീ, മംഗളത്തെ തന്നാലും.

ശിവനെ ഭർത്താവായി ലഭിക്കുന്നതിനുവേണ്ടി കഠോരതപസ്സനുഷ്ഠിച്ചതിന്റെ ഫലമായി ശരീരം കറുത്തുപോയപ്പോൾ ശിവപ്രസാദമായ ഗംഗാജലം സ്പർശിച്ചപ്പോൾ പാർവ്വതിയുടെ ശരീരം പൂർവ്വാധികം ശോഭയുള്ളതായി. അന്നു മുതൽ പാർവ്വതി മഹാഗൗരിയെന്ന് പ്രസിദ്ധയായി.

### ഒമ്പതാം ദിവസം - സിദ്ധിദാത്രി

സിദ്ധൻ, ഗന്ധർവൻ, യക്ഷൻ, അസുരൻ, ദേവൻ - എല്ലാവരാലും സേവിക്കപ്പെടുന്ന സിദ്ധികളെ ദാനം ചെയ്യുന്ന ദേവി, താമരപ്പൂവിലിരിക്കുന്നു. നാലു കൈകളിൽ ഗദ, താമരപ്പൂവ്, ശംഖ്, ചക്രം ഇവയോടുകൂടി സിദ്ധികളെ നല്കുന്നവളായ സിദ്ധിദാത്രി നമ്മെ അനുഗ്രഹിക്കട്ടെ.

# കുട്ടികളുടെ വാത്മീകി രാമായണം 3



ഉണ്ണികൃഷ്ണൻ കിഴുത്താനി
(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധ സംരക്ഷണത്തിനുമായി സമർപ്പിക്കുന്നു.)

തുടർച്ച

ഇത്രമാത്രം ശ്രേഷ്ഠനായ ഋശ്യശൃംഗനാണ്, മഹത്തായ ഈ യജ്ഞത്തിന് നേതൃത്വം നല്കേണ്ടതെന്ന വസിഷ്ഠാദി മുനികളുടെ ഉപദേശം ദശരഥൻ ശിരസാ വഹിച്ചു. ലോമപാദനിൽനിന്ന് അനുഗ്രഹവും വാങ്ങി ഋശ്യശൃംഗനേയും പത്നിയേയും അയോദ്ധ്യാപുരി സ്വീകരിച്ച് വൻ വരവേല്പ് നല്കി. കുറച്ചു ദിവസം ദശരഥന്റേയും പത്നിമാരുടേയും ആതിഥ്യമനുഭവിച്ചതിനുശേഷം ഒരു വസന്തകാലാരംഭത്തോടെ യജ്ഞത്തിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. കുലഗുരുവായ വസിഷ്ഠൻ ചുമതല ഏറ്റെടുത്തതോടെ ദശരഥനും പത്നിമാരും അതീവ സന്തുഷ്ടരായി.

യാഗാശ്വത്തിന്റെ വിജയശ്രീലാളിതമായ വരവിനുശേഷം ഋശ്യശൃംഗന്റെ പ്രധാന കാർമ്മികത്വത്തിൽ ശാസ്ത്രാനുസാരം യാഗമാരംഭിച്ചു. ഇന്ദ്രാദി ദേവതകളെ സാമമന്ത്രം ഉരുക്കഴിച്ച് സന്തോഷിപ്പിച്ചതിനുശേഷം അവരെ ആവാഹിച്ച് മന്ത്രസമേതം ഹോമമാരംഭിച്ചു. ചതുഷ്ടഹോമം, ഉക്ഥ്യം, അതിരാത്രം എന്നിങ്ങനെ മൂന്നുദിവസം യാഗം നീണ്ടുനിന്നു. യാഗാവസാനം കിഴക്കേ ദിക്ക് ഹോതാവിനും, പടിഞ്ഞാറ് അധ്വര്യുവിനും, തെക്ക് ബ്രഹ്മനും, വടക്ക് ഉദ്ഗാതാവിനും ദക്ഷിണയായി നല്കി. ഇതെല്ലാം തിരികെ സ്വീകരിച്ച് പകരം എന്തെങ്കിലും നല്കിയാൽ മതിയെന്ന ഋത്വിക്കുകളുടെ അഭ്യർത്ഥന മാനിച്ച്, പത്തുകോടി കനകവും, അതിന്റെ നാലിരട്ടി വെള്ളിയും പത്തുലക്ഷം പശുക്കളേയും നല്കി മഹാരാജാവ് ഭൂമിയെല്ലാം തിരികെ വാങ്ങി. കൂടാതെ യജ്ഞത്തിൽ പങ്കെടുത്തവർക്കെല്ലാം ഉചിതമായ പാരിതോഷികങ്ങൾ നല്കി സന്തുഷ്ടരാക്കുകയും ചെയ്തു. അതിനുശേഷം തന്റെ വംശവർദ്ധനവിനായി വേണ്ടത് ചെയ്തനുഗ്രഹിക്കണമെന്ന് ദശരഥൻ ഋശ്യശൃംഗനോട് അപേക്ഷിച്ചു. രാജാവിന്റെ അഭ്യർത്ഥന മാനിച്ച് മുനിവര്യൻ യഥാവിധി പുത്രകാമേഷ്ടി യാഗമനുഷ്ഠിച്ചു. സംതൃപ്തരായ ദേവതകൾ സ്തോത്രങ്ങൾകൊണ്ട് ഭഗവാനെ സ്തുതിച്ചു. തുടർന്ന് വെളുത്ത മീശയും, തലമുടിയും തുടുത്ത മുഖവും ചുവന്ന വേഷവുമണിഞ്ഞ് ദിവ്യാഭരണവിഭൂഷിതയായ ഒരു ദേവത തിളങ്ങുന്ന സ്വർണ്ണപാത്രവുമായി യാഗാഗ്നിയിൽനിന്നുയർന്നു വന്നു. പ്രജാപതിയുടെ ദൂതനാണ് ദേവനിർമ്മിതമായ പായസവുമായി പ്രത്യക്ഷപ്പെട്ടത്. വിനീതനായ മഹാരാജാവിന് നല്കി, പത്നിമാർക്ക് പങ്കുവെച്ചു നല്കണമെന്നാവശ്യപ്പെട്ടു. സന്തുഷ്ടനായ ദശരഥൻ പകുതി പായസം കൗസല്യയ്ക്കും ബാക്കിയുണ്ടായിരുന്നതിന്റെ പകുതി സുമിത്രയ്ക്കും അതിൽ ബാക്കിയുള്ളതിന്റെ പകുതി കൈകേയിയ്ക്കും നല്കി. അവശേഷിച്ചത് വീണ്ടും സുമിത്രയ്ക്കും നല്കി.

ദേവനിർമ്മിതമായ പായസം കഴിച്ച പത്നിമാരെല്ലാം ഗർഭിണികളായി. ചൈത്രമാസത്തിലെ ശുക്ലപക്ഷ നവമിയിൽ പുണർതം നാളിൽ പഞ്ചഗ്രഹങ്ങൾ ഉച്ചത്തിലും വ്യാഴചന്ദ്രന്മാർ ഒന്നിച്ച് കർക്കിടക ലഗ്നത്തിലും നില്ക്കേ വിഷ്ണുവിന്റെ അവതാരമായ ശ്രീരാമനെ കൗസല്യ പ്രസവിച്ചു. മീനം രാശിയിൽ പൂയം നാളിൽ കൈകേയി ഭരതനേയും, കർക്കിടക രാശിയിൽ ആയില്യം നാളിൽ സുമിത്ര ലക്ഷ്മണ-ശത്രുഘ്നന്മാർക്കും ജന്മം നല്കി. അയോദ്ധ്യ ഉത്സവലഹരിയിൽ ആറാടി. പന്ത്രണ്ടാം ദിവസം കുലഗുരുവായ വസിഷ്ഠമുനി കർമ്മങ്ങളെല്ലാം യഥാവിധി പൂർത്തിയാക്കി രാജകുമാരന്മാരെ അനുഗ്രഹിച്ചു.

ഔഷധസസ്യങ്ങൾ – 9

# പുളിയാറൽ

ഉണ്ണികൃഷ്ണൻ കിഴുത്താനി

നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറങ്ങളിലെ ഗൃഹാന്തരീക്ഷത്തിൽ സർവ്വസാധാരണയായി വളരുന്ന അരുമയായ ഔഷധസസ്യമാണ് പുളിയാറൽ. 'ജെറാനിയേസി' കുടുംബത്തിൽപ്പെട്ട ഇതിന്റെ ശാസ്ത്രനാമം 'ഓക്സാലിസ് കോർണിക്കുലേറ്റ്' എന്നാണ്. സർവ്വാംഗം പുളിരസം സ്രവിപ്പിക്കുന്നതുകൊണ്ട് പുളിയാറൽ എന്നു വിളിക്കുന്നു. ഈർപ്പമുള്ള സ്ഥലങ്ങളിൽ വളരുന്ന ഏകവർഷിയായ ചെറിയ ഔഷധച്ചെടിയാണിത്.

സമൂലമായി ഔഷധാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. കഫ-വാതരോഗങ്ങൾക്ക് പ്രതിവിധിയായ ഔഷധമാണ്. ദഹനശക്തിയും അഗ്നിദീപ്തിയും വർദ്ധിപ്പിക്കുന്നു. രക്താർശ്ശസ്സ് ശമിപ്പിക്കുന്നു. കൂടാതെ ഗ്രഹണി, അർശസ്സ്, കുഷ്ഠം, അതിസാരം എന്നിവയും ഇല്ലായ്മ ചെയ്യുന്നു.

പുളിയാറലിന്റെ ഇലയും തണ്ടും 10 ഗ്രാം വീതമെടുത്ത് നല്ലപോലെ കടഞ്ഞ് വെണ്ണനീക്കിയ മോരിൽ തിളപ്പിച്ച് ദിവസം രണ്ടുനേരം കുറച്ചു ദിവസം തുടർച്ചയായി സേവിച്ചാൽ രക്താർശ്ശസ്, രക്തപ്രവാഹിക തുടങ്ങിയ അസുഖങ്ങൾ ശമിക്കും.

ഉള്ളിനീരും പുളിയാറൽനീരും സമമായെടുത്ത് നന്നായി യോജിപ്പിച്ച് ഇടയ്ക്കിടെ (പലവട്ടം) പുരട്ടിയാൽ അരിമ്പാറ എന്ന അസുഖം ഭേദമാകും.

മഞ്ഞൾപ്പൊടി ചേർത്ത മോരിൽ പുളിയാറൽ ഇലയും ചേർത്ത് നല്ലപോലെ തിളപ്പിച്ച് ഭക്ഷണത്തോടെ ചേർത്ത് പതിവായി കഴിക്കുന്നവർ നമ്മുടെ ഇടയിലുണ്ട്. വയറ് സംബന്ധമായ എല്ലാ അസുഖങ്ങളേയും ചെറുത്തുതോല്പിച്ച് ആരോഗ്യം പ്രദാനം ചെയ്യാനുള്ള ശക്തി ഇതിലുണ്ടെന്ന് പണ്ടുകാലം മുതൽക്കേ നമ്മുടെ പൂർവ്വികർ മനസ്സിലാക്കിയിരുന്നു. ഈ ശീലമാണ് നമ്മുടെ നാട്ടറിവുകളുടെ അന്തഃസത്തയെ പ്രകടമാക്കുന്നത്.

# ലളിതാസഹസ്രനാമം വ്യാഖ്യാനം - 15

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

**കാമാക്ഷീ** = ആഗ്രഹങ്ങളെ നല്കുന്ന കണ്ണുകളുള്ളവൾ. സുന്ദരങ്ങളായ കണ്ണുകളുള്ളവൾ

കാമം എന്നതിന് ആഗ്രഹമെന്നും സുന്ദരമെന്നും അർത്ഥമുണ്ട്. അക്ഷി കണ്ണാണ്. സുന്ദരങ്ങളായ കണ്ണുകളുള്ളവൾ എന്നൊരർത്ഥം ഈ നാമത്തിന് പറയാം. മാത്രമല്ല, ഭക്തന്മാരുടെ ആഗ്രഹപൂർത്തീകരണത്തിന് ദേവിയുടെ ഒരൊറ്റ നോട്ടം മതി. ദേവി പ്രപഞ്ചത്തിലെ ഓരോ വസ്തുവിനേയും നോക്കുമ്പോൾ ഓരോ ഭാവങ്ങൾ ദേവിയുടെ മുഖത്തിൽ മിന്നിമായുന്നു. അങ്ങനെ നോക്കുന്ന അവസരത്തിൽ വെറുതെയൊന്ന് എന്നെ നോക്കിക്കൂടെ എന്ന് ശ്രീശങ്കരാചാര്യർ ദേവിയോട് പ്രാർത്ഥിക്കുന്നുണ്ട്. ദേവിയുടെ വെറുതെയുള്ള ഒരു നോട്ടംകൊണ്ട് നമ്മുടെ സകല ആഗ്രഹങ്ങളും സാധിതമാകുമെന്ന് ഈ നാമം സൂചിപ്പിക്കുന്നു. ദേവിയുടെ ഓഡ്യാണം വീണസ്ഥലമാണ് കാഞ്ചീപുരം. അവിടെയുള്ള ദേവിയുടെ പ്രതിഷ്ഠയാണ് കാമാക്ഷീ.

**കാമദായിനീ** = ആഗ്രഹങ്ങളെ സാധിപ്പിച്ചുതരുന്നവൾ

മനുഷ്യരുടെ ഉള്ളിൽ ആഗ്രഹങ്ങൾ എത്തുന്നത് അവരുടെ അനുവാദത്തോടെയല്ല. നാളെ നമ്മൾ എന്ത് ആഗ്രഹിക്കുമെന്ന് ഇന്ന് പറയാൻ സാധിക്കില്ല. ആ ആഗ്രഹങ്ങൾ ഇല്ലാതാവാൻ രണ്ടു വഴികൾ മാത്രമേ ഉള്ളൂ. അതിൽ ഒന്ന് അത് വന്നപോലെതന്നെ സ്വയം പോകണം. രണ്ടാമത്തെ വഴി ആ ആഗ്രഹം സാധിക്കുക. സാധിച്ചു കഴിഞ്ഞാൽ ആഗ്രഹം ഇല്ലാതാകും. ആഗ്രഹങ്ങളെ സാധിപ്പിച്ചു തരുന്നവളും ഇല്ലാതാക്കുന്നവളുമാണ് ദേവിയെന്ന് ഈ നാമം കാണിച്ചുതരുന്നു.

**24. ദേവർഷിഗണസംഘാതസ്തൂയമാനാത്മവൈഭവാ**
**ഭണ്ഡാസുരവധോദ്യുക്തശക്തിസേനാസമന്വിതാ**

**ദേവർഷിഗണസംഘാതസ്തൂയമാനാത്മവൈഭവാ** = ദേവഗണങ്ങളുടെയും ഋഷിഗണങ്ങളുടെയും സമൂഹത്താൽ സ്തുതിക്കപ്പെടുന്ന വൈഭവത്തോടുകൂടിയവൾ.

ദേവിയെ ദർശിച്ചാൽ ദേവന്മാർക്കും ഋഷിമാർക്കും അതുപോലെ മനുഷ്യർക്കും സ്തുതിക്കുവാൻ മാത്രമേ തോന്നുകയുള്ളൂ. ഈ ദേവി നമ്മളിൽ അദ്ഭുതരസത്തെ ഉണർത്തുന്നതുകൊണ്ടാണ് സ്തുതിക്കുവാൻ തോന്നുന്നത്. അത്ഭുതരസത്തെ ഉണർത്തുന്ന എന്തിനെയും നമ്മൾ സ്തുതിക്കും. സ്തുതിക്കുന്ന എന്തിനെയും നമ്മൾ ആരാധിക്കും. ആ ആരാധന അനുകരണത്തിലേയ്ക്ക് (തന്മയീഭാവത്തിലേയ്ക്ക്) ന

മ്മേ നയിക്കും. അത് അനുഭവമായിത്തീരും. ദേവിയുടെ ദർശനം സ്തുതിയിലേക്കും തുടർന്ന് ക്രമേണ ആരാധന, തന്മയീഭാവം, ദേവീസാക്ഷാത്ക്കാരം (മോക്ഷം) എന്നിവയിലേയ്ക്ക് നമ്മേ നയിക്കുന്നു. അത്ഭുതരസങ്ങളുടെ ഉടമയാണ് ദേവിയെന്ന് ഈ നാമം കുറിക്കുന്നു.

ഭണ്ഡാസുരവധോദ്യുക്തശക്തിസേനാസമന്വിതാ = ഭണ്ഡാസുരനെ വധിക്കുവാൻ തയ്യാറെടുത്ത ശക്തിസേനയോടുകൂടിയവൾ

ഈ നാമത്തിന്റെ അർത്ഥവിശകലനത്തിന് ഭണ്ഡാസുരന്റെ ആവിർഭാവം പറയേണ്ടതുണ്ട്.

**ഭണ്ഡാസുരാവിർഭാവം**

ക്ഷണിക്കാത്ത ദക്ഷയാഗത്തിന് പോകുന്നതിൽനിന്നും ശിവൻ വിലക്കിയിട്ടും പോയി അപമാനിതയായ സതീദേവി യോഗാഗ്നിയിൽ സ്വയം പ്രാണാഹുതി ചെയ്തു. ഇതറിഞ്ഞ് കോപംകൊണ്ടും സങ്കടംകൊണ്ടും സതിയുടെ ശരീരം തോളത്തുവച്ചുകൊണ്ട് സംഹാരതാണ്ഡവമാടിയ ശിവനെ നല്ല വീക്ഷണം നല്കി ശാന്തനാക്കുവാൻ മഹാവിഷ്ണു ശ്രമിച്ചു. സർവ്വവ്യാപിയായ ജഗദീശ്വരി അല്പമാത്രമായ ശരീരത്തിൽ മാത്രമുള്ളതല്ല എന്ന ശോഭനമായ ദർശനം നല്കുവാൻ സുദർശനചക്രംകൊണ്ട് മഹാവിഷ്ണു സതീശരീരത്തെ അമ്പത്തൊന്ന് കഷ്ണങ്ങളാക്കി ഭാരതഭൂവിൽ വ്യത്യസ്ത ഭാഗങ്ങളിലായി ന്യസിച്ചു. ദേവിയുടെ ഈ ശരീരം ചൈതന്യക്കൂട്ടയാണ്. ആ കഷ്ണങ്ങൾ വീണു കഴിഞ്ഞാൽ പരക്കും. ദേവതയുടെ സൂക്ഷ്മരൂപമായ മന്ത്രത്തെ പല ഭാഗങ്ങളാക്കി സാധകന്റെ വ്യത്യസ്ത ശരീരഭാഗങ്ങളിൽ ന്യസിച്ച് ധ്യാനിക്കുന്ന സമ്പ്രദായമുണ്ട്. അപ്രകാരം അ മുതൽ ക്ഷ വരെയുള്ള അമ്പത്തൊന്ന് അക്ഷരങ്ങൾ ചേർന്ന അക്ഷരമയമായ ദേവിയുടെ ശരീരത്തെ ഭഗവാൻ വിഷ്ണു അമ്പത്തൊന്ന് കഷ്ണങ്ങളാക്കി കഴിഞ്ഞപ്പോൾ സതീദേവി സർവ്വവ്യാപിയാണെന്ന ബോധം ശിവനിൽ ഉദിച്ചു. ശിവൻ സമാധിസ്ഥനാവുകയും ചെയ്തു. ഈ സമയത്താണ് താരകാസുരൻ ജനിക്കുന്നതും താരകാസുരവധത്തിന് ശിവന്റെ തപോഭംഗം ആവശ്യമായി വരുന്നതും. അതിനുവേണ്ടി പരിശ്രമിച്ച കാമദേവനെ തൃക്കണ്ണു തുറന്ന് ശിവൻ ഭസ്മമാക്കി. അതിസുന്ദരകാമദേവഭസ്മം കണ്ടതായ ചിത്രകർമ്മാവ് വെള്ളം കൂട്ടി കുഴച്ച് നല്ലൊരു പ്രതിമയുണ്ടാക്കി. വിചിത്രങ്ങളായ കർമ്മങ്ങൾ ചെയ്യുന്ന ആളെയാണ് ചിത്രകർമ്മാവ് എന്ന് വിളിക്കുക. ശിവൻ ആ പ്രതിമ കാണുകയും വളരെ നന്നായി എന്നു പറയുകയും ചെയ്തപ്പോൾ അതിന് ജീവൻ വച്ചു. ഭണ്ഡ (വിഡ്ഢിത്തം) ഭണ്ഡ (വിഡ്ഢിത്തം) എന്ന അശരീരി ഉയരുകയും ചെയ്തു. വിഡ്ഢിത്തമായ പ്രവൃത്തിയിൽ നിന്നുണ്ടായതുകൊണ്ട് ഇതിന് ഭണ്ഡാസുരൻ എന്ന പേര് സിദ്ധിച്ചു. നമ്മുടെയെല്ലാം ഉപബോധ മനസ്സിലെ നിയന്ത്രണാതീതമായ ആഗ്രഹങ്ങളുടെ ബഹിസ്ഫുരണമാണ് ഭണ്ഡാസുരൻ. അതാണ് കാമദേവന്റെ ചാരത്തിൽനിന്ന് ജനിച്ചവൻ ഭണ്ഡാസുരൻ എന്നു പറയുന്നത്.

ശിവനിൽനിന്ന് ഈ ഭണ്ഡാസുരൻ അഭൂതപൂർവ്വമായ വരങ്ങൾ നേടി.

താൻ മാത്രമേ അസുരനായിട്ടുള്ള എന്നതിനാൽ സ്വന്തം തോളുകളിൽനിന്ന് വിശുക്രൻ വിഷംഗൻ എന്നീ രണ്ട് സഹോദരാസുരന്മാരെ ഉണ്ടാക്കി. പിന്നീട് ഓരോ രോമകൂപങ്ങളിൽനിന്നും മറ്റനേകം അസുരന്മാരെ സൃഷ്ടിച്ചു. ഇപ്രകാരം ഭണ്ഡാസുര ശരീരത്തിൽനിന്നും അസുരസൈന്യം ആവിർഭവിച്ചു. നമ്മുടെ നിയന്ത്രണാതീതമായ ആഗ്രഹങ്ങളിൽനിന്നാണ് വ്യത്യസ്തമായ ചിന്തകൾ ഉദ്ഭവിക്കുന്നത്. ഈ വ്യത്യസ്തചിന്തകളാണ് നമ്മുടെ ഇന്ദ്രിയങ്ങൾക്ക് (ദേവന്മാർക്ക്) പ്രശ്നമുണ്ടാക്കുന്നത്. നമ്മുടെ ആസക്തിയാണ് ഭണ്ഡാസുരൻ. ആ ആസക്തി ഉണർത്തുന്ന വ്യത്യസ്തചിന്തകളാണ് ഭണ്ഡാസുരസൈന്യം. സൈന്യത്തിലെ ഓരോ ആസുരനെയും ഇല്ലാതാക്കാൻ അതതിന് തത്തുല്യമായ രീതിയാലും ശക്തിയാലും മാത്രമേ സാദ്ധ്യമാകൂ. അതുകൊണ്ട് ദേവി തന്റെ ശരീരത്തിൽനിന്ന് മറ്റു ദേവിമാരെ ഉണ്ടാക്കി.

നമ്മുടെ ഉള്ളിലുള്ള ഭണ്ഡാസുരനെ നിഗ്രഹിയ്ക്കുവാൻ നമ്മുടെ ബോധതലത്തിൽനിന്ന് മഹാത്രിപുരസുന്ദരിയെ നമ്മൾ കൊണ്ടുവരണം. നമ്മുടെ ഉള്ളിലുള്ള instinctual (നൈസർഗ്ഗികം) ആയിട്ടുള്ള ബോധത്തിനെ അതിന്റെ ഉയർന്ന ചിന്തകൾകൊണ്ട് ഇല്ലാതാക്കണം. അതാണ് ഈ യുദ്ധം. ലോകത്ത് നമ്മളെ ബന്ധിച്ചു നിർത്തുന്ന ചിന്തകളെ തത്തുല്യമായിട്ടുള്ള ഉയർന്ന ചിന്തകൾകൊണ്ട് നിഷ്ക്രിയമാക്കണം. ഇത് ഒരു സാധനാസമ്പ്രദായമാണ്. ഇതാണ് ഈ നാമത്തിലൂടെ വ്യക്തമാക്കുന്നത്.

(തുടരും)

# ഭഗവദ്ഗീതാ - ഒരു പുനർവായന (3)

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

ശ്രീമദാചാര്യാഭിനവഗുപ്തപാദരുടെ ഗീതാർത്ഥസംഗ്രഹമെന്ന വ്യാഖ്യാനത്തിലൂടെ ഭഗവദ്ഗീതയിലേയ്ക്ക് പ്രവേശിക്കാം. ഗ്രന്ഥത്തിന്റെ നിർവിഘ്നപരിസമാപ്തിയ്ക്കും പ്രതിപാദിയ്ക്കാൻ ഉദ്ദേശിക്കുന്ന വിഷയത്തെ സൂചിപ്പിക്കുന്നതിനും വേണ്ടി മംഗളശ്ലോകം തുടക്കത്തിൽ എഴുതാറുണ്ട്. അത്തരത്തിൽ എഴുതപ്പെട്ട ഗീതാർത്ഥസംഗ്രഹത്തിലെ മംഗളശ്ലോകമിതാ -

**യ ഏഷ വിതതസ്സ്മരദ്വിവിധഭാവചക്രാത്മകഃ**
**പരസ്പരവിഭേദവാന്വിഷയതാമുപാഗച്ഛതി**
**യദേകമയഭാവനാവശത ഏത്യഭേദാന്വയം**
**സ ശംഭരശിവാപഹോ ജയതി ബോധഭാസാം നിധിഃ**

**ശ്ലോകസാരം**



വിവിധ ഭാവങ്ങളോടെ ലോകത്ത് വിസ്തൃതമായി പ്രകാശിക്കുന്നതും വിവിധ വസ്തുക്കളായി കാണുന്നതും പരസ്പരവ്യത്യാസങ്ങളോടെ പലതായി ലോകത്തിൽ കാണുന്ന വസ്തുക്കളും അതിന്റെ ഭാവങ്ങളും വൈവിധ്യങ്ങളിൽ ഏകമായതിനെ അറിഞ്ഞാലുള്ള അഭേദാവസ്ഥയായതും അമംഗളകരമായതിനെ നശിപ്പിക്കുന്നതും ബോധപ്രകാശത്തിന്റെ ഇരിപ്പിടവുമായിട്ടുള്ള ആ പരമമായ ശിവൻ വിജയിക്കുന്നു.

അമൂല്യവും ബോധപ്രകാശവുമാകുന്ന നിധിയെയാണിവിടെ അഭിനവഗുപ്തപാദർ ശംഭു എന്നു പറയുന്നത്. ശംഭു എന്നതിന് ഇവിടെ പരമമായത് എന്നാണർത്ഥം. പരമമായതിനെ ഏതു പേരുകൊണ്ടും സൂചിപ്പിക്കാമെന്നതിനാൽ ആചാര്യൻ ശംഭു എന്നു പറഞ്ഞു. എല്ലായിടത്തും വ്യാപിച്ച് ലോകത്തിലെ സകലവസ്തുക്കളായിത്തീർന്നതും ഈ പരമമായ ശംഭുവാണ്. വസ്തുക്കളും വസ്തുക്കളുടെ ഭാവവും ശംഭു തന്നെ. പരസ്പര വ്യത്യാസങ്ങളോടെ നമുക്ക് തോന്നുന്ന ലോകത്തിലെ ഓരോ പദാർത്ഥങ്ങളും ആ പരമമായത് തന്നെയാണ്. ലോകത്തിലെ ഈ വൈവിധ്യങ്ങളിലൂടെ ഒന്നിനെ അറിയുവാൻ താല്പര്യത്തോടെ ശ്രമിക്കുകയാണെങ്കിൽ ഭേദങ്ങളിൽ ഭേദമില്ലാതെ നില്ക്കുന്ന പരമമായ അവസ്ഥയിലേയ്ക്ക് നമുക്ക് എത്തിച്ചേരാമെന്നും കൂടി ഇവിടെ ആചാര്യർ വ്യക്തമാക്കുന്നു.

ഗീതാവ്യാഖ്യാനത്തിന്റെ അന്തഃസത്തയെക്കുറിച്ചും ഗീതാപ്രതിപാദ്യത്തെക്കുറിച്ചും ഈ മംഗളശ്ലോകം വ്യക്തമാക്കുന്നു. പ്രപഞ്ചത്തിലെ ഓരോ വസ്തുക്കളും ഭാവങ്ങളും വ്യത്യസ്തമായി കാണപ്പെടുന്നുവെങ്കിലും അതെല്ലാംതന്നെ ആ പരമമായ ബോധപ്രകാശം തന്നെ. വ്യത്യസ്തമായി കാണപ്പെടുന്നതിലൂടെ ഭേദമില്ലാതെ നില്ക്കുന്ന അഭേദാവസ്ഥയും ആ പരമമായ ബോധപ്രകാശം തന്നെ. നമ്മുടെ സാധാരണ ജീവിതത്തിലൂടെ നാം വ്യത്യസ്തമായ വിഷയങ്ങളും ഭാവങ്ങളും നമുക്ക് അനുഭവഗോചരമാകുന്നു. ആ വ്യത്യസ്തഭാവങ്ങളിലൂടെ അഭേദവും ഭാവാതീതവുമായ അവസ്ഥയിലെത്തിച്ചേരുവാൻ ഗീത പഠിപ്പിക്കുന്നു. പ്രപഞ്ചത്തിലെ പലതായി കിടക്കുന്ന ജീവിതഭാവങ്ങളെ സശ്രദ്ധം ധ്യാനാവസ്ഥയിലൂടെ നോക്കിയാൽ നമ്മുടെ പരസ്പാരാകർഷണത്തിന് കാരണമായതും ബോധത്തിന്റെ പ്രകാശവുമായ ശംഭു സർവ്വദാ ജയിക്കുന്നതായിക്കാണാം.

ഞാൻ തന്നെയാണ് പരമമായതും പലതായിത്തീർന്നതെന്നുമുള്ള തിരിച്ചറിവാണ് ഏറ്റവും മംഗളകരമായത്. പലതായി കാണുന്നതെല്ലാം പലതാണെന്നും ഞാൻ പരമമായതല്ല എന്നുമുള്ള ചിന്തയാണ് അമംഗളകരമായത്. ഞാനും ഈ പ്രപഞ്ചവും വെവ്വേറെയാണെന്നും ഞാൻ പരമമായതല്ലെന്നുമുള്ള നമ്മുടെ ചിന്തയിൽനിന്ന് എന്നെ രക്ഷിക്കുന്ന ശംഭു സർവ്വദാ ജയിക്കുന്നു.

ശംഭു തന്നെ നാമായിത്തീർന്നപ്പോൾ നമുക്ക് ശംഭുവിനെക്കുറിച്ച് ബോധമില്ലെങ്കിലും ആ പരമമായതിന് (ശംഭുവിന്) എപ്പോഴും ആ പരമാവസ്ഥയെപ്പറ്റി ബോധമുണ്ട്. ആ പരമാവസ്ഥയെപ്പറ്റി ഒരിക്കലും അതിന് ബോധമില്ലാതെയിരിക്കുന്നില്ല. സുഷുപ്തിയിൽനിന്ന് ജാഗ്രദവസ്ഥയിലേയ്ക്ക് വരുന്ന നമ്മൾ സുഷുപ്ത്യവസ്ഥയിൽ ഒന്നുമറിഞ്ഞില്ല എന്ന് പറയുമല്ലോ. ഒന്നുമറിഞ്ഞിരുന്നില്ല എന്നറിയാൻ സുഷുപ്ത്യവസ്ഥയിൽ നാം ഉണ്ടായിരിക്കും. ഇതുപോലെ നാം ഇപ്പോൾ പരമമായതല്ല എന്ന് തോന്നുന്ന സമയത്തും പരമമായതിന് അതല്ലാതെ വേറെ എന്തെങ്കിലും ഉണ്ടെന്ന ചിന്ത ഒരിക്കലും ഉണ്ടാകുന്നില്ല.

**2. ദ്വൈപായനേന മുനിനാ യദിദം യഥാഹി
ശാസ്ത്രം ശതസഹസ്രസമ്മിതമത്ര മോക്ഷഃ
പ്രാധാന്യതഃ ഫലതയാ പ്രഥിതസ്തദന്യഃ
ധർമ്മാദി തസ്യ പരിപോഷയിതും പ്രഗീതം.**

മഹാഭാരതമെന്ന മഹാശാസ്ത്രം ദ്വൈപായനൻ എന്ന മുനി രചിച്ചു. ഇതിൽ ഒരു ലക്ഷം ശ്ലോകങ്ങൾ ഉണ്ട്. മനുഷ്യരാശിയെ ചിലത് ശാസിച്ച് മനസ്സിലാക്കിത്തരുവാൻ വ്യാസഭഗവാൻ ഇതിലൂടെ ശ്രമിയ്ക്കുന്നു. അതുകൊണ്ടിതിനെ അഭിനവഗുപ്തപാദാചാര്യൻ ശാസ്ത്രം എന്നു വിളിയ്ക്കുന്നു. സാഹിത്യം, ഇതിഹാസം എന്നീ നിലകൾ വിട്ട് ഒരു ശാസ്ത്രഗ്രന്ഥമായി ഇത് പഠിയ്ക്കുമ്പോൾ നമ്മുടെ സമീപനം മാറും. ഈ ശാസ്ത്രഗ്രന്ഥത്തിന്റെ പ്രതിപാദ്യവിഷയം മോക്ഷമാണ്. ചതുർവിധ പുരുഷാർത്ഥങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതെന്ന് ആധുനികരടക്കം എല്ലാവരും സമ്മതിച്ചിട്ടുള്ളതാണ് മോക്ഷം. എബ്രഹാം മാസ്‌ലോവ് എന്ന വിശ്വവിഖ്യാതനായ മനശ്ശാസ്ത്രജ്ഞൻ മുന്നോട്ടുവച്ച 'ഹയറാർക്കി ഓഫ് നീഡ്സ്' എന്ന തിയറിയിൽ മനുഷ്യരുടെ ആവശ്യകതകളെ അഞ്ചായി തരംതിരിച്ചിട്ടുണ്ട്. അതിൽ അഞ്ചാമത്തേതും ഉയർന്നതുമായ ആവശ്യകതയായിട്ട് അദ്ദേഹം പറയുന്നത് Self Actulization ആണ്. അത് ഏത് ഭാരതീയ ഭാഷകളിലേയ്ക്കും തർജ്ജമ ചെയ്താൽ ആത്മസാക്ഷാത്ക്കാരം എന്നായിരിക്കും കിട്ടുക. ഈ ആത്മലാഭമാണ് മോക്ഷം. മഹാഭാരത പഠിതാവിന് മുക്തിയ്ക്ക് വേണ്ടുന്ന കാര്യങ്ങൾ ലഭിക്കും. ധർമ്മം, അർത്ഥം, കാമം എന്നീ പുരുഷാർത്ഥങ്ങളെപ്പറ്റിയും ഇതിൽ പ്രതിപാദിക്കുന്നുണ്ട്. മോക്ഷത്തിലേയ്ക്കുള്ള യാത്രയെ പുഷ്ടിപ്പെടുത്തുന്നതിനുവേണ്ടി മറ്റു പുരുഷാർത്ഥങ്ങളെ ഇതിൽ വിവരിയ്ക്കുന്നു.

(തുടരും)

# നന്ദികേശ്വര കാശികാ – 11
(മന്ത്രശാസ്ത്രത്തിന്റെ അടിസ്ഥാനം)

വ്യാഖ്യാനം : ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

**സൂത്രം 10**

**'ജ ബ ഗ ഡ ദശ്'**

**21. ശ്രോത്രത്വങ്നയനഘ്രാണ-
ജിഹ്വാദീന്ദ്രിയപഞ്ചകം
സർവ്വേഷാമപി ജന്തുനാ-
മീരിതം ജബഗഡദശ്**

| | | |
|---|---|---|
| ജബഗഡദശ് | = | ജ, ബ, ഗ, ഡ, ദ എന്നീ വർണ്ണങ്ങൾ |
| സർവേഷാം | = | എല്ലാ |
| ജന്തുനാമപി | = | ജന്തുക്കളുടെയും |
| ശ്രോത്രത്വങ്നയന-<br>ഘ്രാണജിഹ്വാ-<br>ദീന്ദ്രിയപഞ്ചകം | = | ചെവി, ത്വക്ക്, കണ്ണ്, മൂക്ക്, നാക്ക് തുടങ്ങിയ അഞ്ച് ഇന്ദ്രിയങ്ങളായി |
| ഈരിതം (അസ്തി) | = | പറയപ്പെട്ടിരിക്കുന്നു. |

പ്രപഞ്ചത്തിലെ എല്ലാ ജീവികളുടെയും ജ്ഞാനേന്ദ്രിയങ്ങളുടെ സ്പന്ദനവിശേഷങ്ങളാണ് ജ ബ ഗ ഡ ദ എന്നീ അക്ഷരങ്ങൾ. മനസ്സിൽനിന്ന് പുറത്തേയ്ക്ക് ഒഴുകുന്ന സ്പന്ദനവിശേഷങ്ങളാണ് ഝ, ഭ, ഘ, ഢ, ധ. ബാഹ്യവസ്തുക്കളിൽനിന്ന് മനസ്സിലേയ്ക്ക് എത്തുന്ന സ്പന്ദനവിശേഷങ്ങളാണ് ഈ ശ്ലോകത്തിൽ പറയപ്പെട്ട അക്ഷരങ്ങൾ. അതുകൊണ്ടിവയെ ജ്ഞാനേന്ദ്രിയങ്ങളുടെ സ്പന്ദന വിശേഷങ്ങളായി മനസ്സിലാക്കണം. നമുക്ക് ചെവികൊണ്ട് കേൾക്കാൻ സാധിയ്ക്കുന്നതിനേക്കാൾ വളരെ സൂക്ഷ്മരൂപത്തിലുള്ളവയായിരിക്കും പ്രപഞ്ചത്തിലെ വിരാട് പുരുഷന്റെ ഇന്ദ്രിയങ്ങളായ ഈ അക്ഷരങ്ങൾ. അവ കട്ടികൂടി വന്നിട്ടാണ് സപ്തധാതുക്കളാൽ നിർമ്മിതമായിരിക്കുന്ന ഇന്ദ്രിയങ്ങളുടെ സ്ഥൂലശരീരഭാഗങ്ങൾ. ഇപ്രകാരം ചെവി, ത്വക്ക്, കണ്ണ്, മൂക്ക്, നാക്ക് തുടങ്ങിയ ഇന്ദ്രിയങ്ങളുടെ സ്പന്ദനവിശേഷങ്ങളായി ക്രമത്തിൽ ജ, ബ, ഗ, ഡ, ദ എന്നിവയെ കാണണമെന്ന് സാരം.